# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**
**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-11/726/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 07/10/2024
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-11/726/2024 തീയ്യതി: 07/10/2024

# കാസർഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 22-07-2024 | 30-07-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-07-2024 | 30-07-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിനോദ് കുമാർ വി, ഓഡിറ്റ് ഓഫീസർ
ശ്രീ.തോമസ് കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുധീഷ്.എൻ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഹരി വേണുഗോപാലൻ കെ.വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ശ്രീജ പി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ജോസഫ് എം ചാക്കോ | സെക്രട്ടറി | 01-04-2023 | 14-07-2023 |
| ശ്രീ.ഷൈജു.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-07-2023 | 13-08-2023 |
| ശ്രീ.കുഞ്ഞിക്കണ്ണൻ വരയിൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-08-2023 | 13-09-2023 |
| ശ്രീ.രഘു കെ പി | സെക്രട്ടറി | 14-09-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷൈജു ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 13-08-2023 |
| ശ്രീ.കുഞ്ഞിക്കണ്ണൻ വരയിൽ | അസിസ്റ്റന്റ് സെക്രട്ടറി | 14-08-2023 | 31-03-2024 |
| ശ്രീ.സതീശൻ.എം.കെ | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 01-04-2023 | 31-03-2024 |
| ശ്രീമതി .ഹരിത കെ വി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി,കെസ്സിയ മറിയം വർഗ്ഗീസ് | വെറ്റിനറി സർജ്ജൻ | 01-04-2023 | 23-06-2023 |
| ശ്രീ.നീരജ് ടി കെ | വെറ്റിനറി സർജ്ജൻ | 24-06-2023 | 15-10-2023 |
| ശ്രീ.അനസ് എസ് ആർ | വെറ്റിനറി സർജ്ജൻ | 16-10-2023 | 24-11-2023 |
| ശ്രീ.നീരജ്.ടി.കെ | വെറ്റിനറി സർജ്ജൻ | 25-11-2023 | 31-03-2024 |
| ശ്രീ.സജിൻ ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബേളൂർ സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി.ആര്യ കൃഷ്ണൻ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തായന്നൂർ സർക്കിൾ | 01-04-2023 | 31-10-2023 |
| ശ്രീ.രഞ്ജിത് കുമാർ കെ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തായന്നൂർ സർക്കിൾ | 01-11-2023 | 31-03-2024 |
| ശ്രീമതി.ആശാലത പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 30-09-2023 |
| ശ്രീമതി.ജിനി പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-10-2023 | 31-03-2024 |
| ശ്രീ.ഗോപി പി | പ്രധാനധ്യാപകൻ | 01-04-2023 | 31-03-2024 |
| ഡോ.ഫാത്തിമ സി | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2023 | 22-06-2023 |
| ഡോ.പ്രസാദ് തോമസ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 23-06-2023 | 22-11-2023 |
| ഡോ.ഷിൻസി വി കെ | മെഡിക്കൽ ഓഫീസർ അലോപ്പതി | 23-11-2023 | 31-03-2024 |
| ഡോ.ജിജി വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2023 | 04-07-2023 |
| ഡോ.ശ്രീജ വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 05-07-2023 | 02-10-2023 |
| ഡോ.ജിജി വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 03-10-2023 | 06-10-2023 |
| ഡോ.നിഷ കെ വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 07-10-2023 | 31-12-2023 |
| ഡോ.ജിജി വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-01-2024 | 31-03-2024 |
| ഡോ.ജാരിയ റഹ്മത്ത് എ ജെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി.ഉഷ കെ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ടെസ്സി.കെ.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വർഷങ്ങളായി ആവർത്തിച്ചു വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച നിരീക്ഷണങ്ങൾ | 1-1-5 |
| 7 | ചെലവുകളുടെ റവന്യൂ/ക്യാപ്പിറ്റൽ വേർതിരിവിലെ അപാകതകൾ | 1-1-6 |
| 8 | സ്റ്റെയിൽ ചെക്കുകളുടെ കണക്കുകളിൽ അവ്യക്തത | 1-1-7 |
| 9 | തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകളിൽ പിശക് | 1-1-8 |
| 10 | ഡെപ്രിസിയേഷൻ | 1-1-9 |
| 11 | ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാദ്ധ്യത തുകകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-10 |
| 12 | അഡ്വാൻസുകൾ/ ഡെപ്പോസിറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-11 |
| 13 | അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ | 1-1-12 |
| 14 | KURDFC വായ്പാ അക്കൗണ്ടിലെ പലിശ- തനതു വരുമാനമായി അക്കൗണ്ട് ചെയ്തു. | 1-1-13 |
| 15 | വായ്പാ/ Prepaid Programme Expense കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം. | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 22 | ക്യാഷ് ബാലൻസ് | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ | 1-10 |
| 25 | തൊഴിൽ നികുതി പിരിവ്- അപാകതകൾ | 1-11 |
| 26 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളെ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു. | 1-12 |
| 27 | കണ്ടിജൻസി ചെലവുകൾ- മുൻകൂർ അനുവദിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 1-13 |
| 28 | MCFലേയ്ക്ക് വാങ്ങിയ ബെയിലിംഗ് മെഷീൻ ഒരു വർഷമായിട്ടും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 1-14 |
| 29 | മാലിന്യ നീക്കത്തിനായി വാങ്ങിയ വാഹനം ഉപയോഗപ്പെടുത്തുന്നില്ല. | 1-15 |
| 30 | ഹോമിയോ ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നും ലഭ്യമായില്ല. | 1-16 |
| 31 | തൊഴിലുറപ്പ് പദ്ധതി- റോഡ് സോളിംഗ് പ്രവൃത്തികൾ- എസ്റ്റിമേറ്റിന് വിരുദ്ധമായി അധികം സോളിംഗ് സ്റ്റോൺ സംഭരിച്ചതിന് തുക നൽകി- 5.47 ലക്ഷം രൂപ നിരാകരിക്കുന്നു. | 1-17 |
| 32 | തൊഴിലുറപ്പ് പദ്ധതി- സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്ക് നൽകിയതുമൂലം ഭീമമായ നഷ്ടം ഉണ്ടാകുന്നു. | 1-18 |
| 33 | തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ സമാഹരണം - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-19 |
| 34 | തൊഴിലുറപ്പ് പദ്ധതിയിലെ പ്രോജക്റ്റുകളുടെ നിർവ്വഹണം- പൊതു അപാകതകൾ | 1-20 |

| | | |
|---|---|---|
| 35 | തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും നികുതികളും ക്ഷേമനിധി വിഹിതവും കുറവു ചെയ്യുന്നില്ല. | 1-21 |
| 36 | വാതിൽപ്പടി സേവനം- സംഭാവനയായി ലഭിച്ച തുക ചെലവഴിക്കുന്നില്ല | 1-22 |
| 37 | മുറ്റത്തൊരു മീൻതോട്ടം പദ്ധതി - കുളം നിർമ്മിച്ചിട്ട് എട്ട് മാസത്തിലേറെ ആയിട്ടും മത്സ്യകൃഷി ആരംഭിച്ചില്ല. | 1-23 |
| 38 | പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ ഒരേ പത്രം മാത്രം വിതരണം ചെയ്യുന്നു. | 1-24 |
| 39 | കോടോത്ത് ആർട്ട് അക്കാദമിക്ക് വിഹിതം നൽകൽ - തുക ബാങ്ക് അക്കൗണ്ട് വഴി കൈമാറിയില്ല. | 1-25 |
| 40 | ലൈഫ് ഭവന പദ്ധതി-വീട് നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-26 |
| 41 | ഐ ഇ സി ബോർഡ് സ്ഥാപിക്കൽ - ചെയ്യാത്ത ഇനത്തിന് തുക നൽകി. | 1-27 |
| 42 | സർക്കാർ സ്ഥാപനങ്ങളിൽ മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തൽ - ബയോകംപോസ്റ്റർ ബിൻ മുഴുവനും വിതരണം ചെയ്തില്ല. | 1-28 |
| 43 | ജി ബിൻ മൾട്ടിലെയർ കംമ്പോസ്റ്റിംഗ് സിസ്റ്റം - വിതരണ വിവരം ലഭ്യമാക്കിയില്ല. | 1-29 |
| 44 | ലൈഫ് ഭവന പദ്ധതി - അർഹതയില്ലാത്ത ഗുണഭോക്താവിന് ധനസഹായം നൽകി. | 1-30 |
| 45 | ഹരിതകർമ്മ സേന ഗ്രൂപ്പിന് സ്വയംതൊഴിൽ സംരംഭം - വെവ്വേറെ സബ്സിഡി കൈപ്പറ്റിയിട്ടും ഒറ്റ സംരംഭമായി പ്രവർത്തിക്കുന്നു. | 1-31 |
| 46 | മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ - ഒരേ ഉദ്ദേശ്യത്തിന് രണ്ട് തരം വാങ്ങലുകൾ - അധിക ചെലവ്. | 1-32 |
| 47 | വിവിധ പ്രോജക്ടുകൾക്ക് മുൻകൂർ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-33 |
| 48 | കൈകാര്യ ചെലവ് ലഭ്യമായിട്ടില്ല | 1-34 |
| 49 | കോക്ലിയർ ഇംപ്ലാന്റേഷൻ - നീക്കിയിരിപ്പ് തുകയുടെ വിനിയോഗ വിവരമില്ല. | 1-35 |
| 50 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് / ബത്ത അനുവദിക്കുന്നത് സംബന്ധിച്ച് | 1-36 |
| 51 | ഹരിത കർമ്മസേന പ്രവർത്തനങ്ങൾ -അവലോകനം | 1-37 |
| | **ഭാഗം 2** | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-1 |
| | **ഭാഗം 3** | |
| 1 | തൊഴിലുറപ്പ് പദ്ധതി- ആവശ്യത്തിലധികം സംഭരിച്ച റോഡ് സോളിംഗ് സ്റ്റോണിന് ചെലവഴിച്ച 5.47 ലക്ഷം രൂപ നിരാകരിക്കുന്നു. | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 വർഷങ്ങളായി ആവർത്തിച്ചു വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല

1. ഷെഡ്യൂൾ B1-Panchayat Fund General- ഈ ഷെഡ്യൂളിൽ Excess Of Income Over Expenditure എന്ന കണക്കിൽ 5,03,76,439 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം 31.03.2024 ലെ ഗ്രോസ് സർപ്ലസ് (Income Over Expenditure After Prior Period Items) 1,02,63,190 രൂപയാണ്.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്

2023-24 വർഷത്തെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക് ഉള്ളതായി കാണുന്നു. സ്റ്റേറ്റ്മെന്റ് പ്രകാരം Net Cash Generated By Operating Activities, Investing Activities And Financing Activities (-)1,16,73,392 രൂപയാണ്. എന്നാൽ Net Increase In Cash And Cash Equivalents 1,10,03,528 രൂപയാണ്. തുകകൾ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ വർഷങ്ങളായി ആവർത്തിച്ചു വരുന്നതും സംസ്ഥാന തലത്തിൽ തന്നെ സോഫ്റ്റ്‌വെയർ ക്രമീകരണത്തിലൂടെ പരിഹരിക്കപ്പെടേണ്ടതുമാണ്. എന്നാൽ സോഫ്റ്റ് വെയർ ദാതാക്കളുടെ ഭാഗത്തു നിന്നും ഇവ പരിഹരിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20.05.2024 ലെ 1 -ാം നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 21.05.2024 -ാം തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2024-ാം തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭാപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോടോം ബേളൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും

ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
07.10.2024

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## 1-1-2 വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 17 (2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ്, ഡിമാന്റുകളിലും അഡ്ജസ്റ്റ്മന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ, തിരിച്ചു നൽകൽ, കുറവ് വരുത്തൽ, എഴുതി തള്ളൽ എന്നിവ സംബന്ധിച്ചും പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും പ്രതിമാസ സ്റ്റേറ്റ്മന്റുകൾ സെക്രട്ടറി തയ്യാറാക്കിക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഈ ചട്ടം പാലിച്ചിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നുമുള്ള തൊഴിൽ നികുതി എന്നീയിനങ്ങളുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് വർഷാവസാന ദിനമായ 2024 മാർച്ച് 31 ന് മാത്രമാണ്.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും ഉറപ്പു വരുത്താനായിട്ടില്ല.

## 1-1-4 പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

1) ഷെഡ്യൂൾ B4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഫണ്ടുകളുടെ നീക്കിയിരിപ്പ് യഥാക്രമം 24,60,959 രൂപയും 50,01,397 രൂപയുമാണ്. (ആകെ 74,62,356 രൂപ). എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിലെ 31.03.2024 ലെ നീക്കിയിരിപ്പ് 1,05,46,016 രൂപയാണ്.

2) ഷെഡ്യൂൾ B4 പ്രകാരം 320300199-Grants From Other Govt.Agencies- Life State Share നീക്കിയിരിപ്പ് 43,16,384 രൂപയാണ്. എന്നാൽ Life State Share ന്റെ ബാങ്ക് അക്കൗണ്ടിലെ (അക്കൗണ്ട് നം. 512- SBI) 31.03.2024 ലെ നീക്കിയിരിപ്പ് 42,57,018 രൂപ മാത്രമാണ്.

## 1-1-5 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച നിരീക്ഷണങ്ങൾ

1) തൻവർഷത്തെ താഴെ പറയുന്ന ശീർഷകങ്ങളിലെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. (പ്രോജക്റ്റ് നം, പേര്, തുക തുടങ്ങിയ വിവരങ്ങൾ സഹിതം)

312100128- Capital Contribution From MGNREGA- Rs.1,21,44,248

312100174- Capital Contribution From Swach Bharath Abhiyan- 7,85,000

312100201- Capital Contribution From Dev.Fund-General- 4,48,966

312100204- Capital Contribution From CFC Basic-2,86,152

312100211- Capital Contribution From CFC Tied – 37,61,390

312100302- Capital Contribution From Maintenance Fund NR- 7,71,035

2) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ നിന്നും ചുവടെ ചേർത്ത ജേണൽ വൗച്ചറുകൾ പ്രകാരം നടത്തിയ ക്രമീകരണങ്ങളുടെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല.

A) ജേണൽ വൗച്ചർ നം.42301362/31.03.2024- 1,48,68,007 രൂപ (ഈ ജേണൽ വൗച്ചർ പ്രകാരം 312100301-മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിലെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കുറവ് ചെയ്തിട്ടുണ്ട്.

B) ജേണൽ വൗച്ചർ നം.42301362/31.03.2024- 1,48,68,000 രൂപ (ഈ ജേണൽ വൗച്ചർ പ്രകാരം 312100128-NREGA ഫണ്ട് ഇനത്തിലെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കുറവ് ചെയ്തിട്ടുണ്ട്.

## 1-1-6 ചെലവുകളുടെ റവന്യൂ/ക്യാപ്പിറ്റൽ വേർതിരിവിലെ അപാകതകൾ

1) റോഡ് മെയിന്റനൻസ് ഫണ്ടിലെ ആകെ ചെലവ് 1,59,09,744 രൂപയാണ്. എന്നാൽ ഇതിൽ നിന്നും 1,22,42,328 രൂപ റവന്യൂ ഗ്രാന്റ് ആയി (160100401) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയിട്ടുമില്ല.

2) വികസന ഫണ്ട് ജനറൽ- ACR പ്രകാരം തൻവർഷ ചെലവ് (സ്രോതസ്സിൽ നിന്നും കുറവ് ചെയ്യപ്പെട്ട തുകകൾ സഹിതം) 2,82,64,206 രൂപയാണ്. എന്നാൽ റവന്യൂ ഗ്രാന്റ് ആയി 2,61,44,935 രൂപയും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി 4,48,966 രൂപയുമടക്കം 2,65,93,901 രൂപയുടെ ചെലവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-7 സ്റ്റെയിൽ ചെക്കുകളുടെ കണക്കുകളിൽ അവ്യക്തത

31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം ഈ കണക്കിലെ ബാധ്യത 2,02,850 രൂപയാണ്. തൻവർഷം മുന്നിരിപ്പുണ്ടായിരുന്ന 2,08,410 രൂപയിൽ നിന്ന് 5,560 രൂപയുടെ ചെക്ക് പേമെന്റ് വൗച്ചർ നം 22300199/ 21.06.2023 പ്രകാരം റീ ഇഷ്യൂ ചെയ്തതിന് ശേഷമുള്ള തുകയാണ് ഇത്. നീക്കിയിരിപ്പുള്ള സ്റ്റെയിൽ ചെക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-8 തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകളിൽ പിശക്

2023-24 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ശരിയായ കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ഇല്ല |
| വരവ്<br>ബാങ്ക് അക്കൗണ്ടിൽ- 19,84,522<br>അക്കൗണ്ടുകളിലേക്ക് FTO ചെയ്ത തുക- 8,93,23,107 | 9,13,07,629 |
| ആകെ | 9,13,07,629 |
| ചെലവ്<br>അഡ്മിൻ ചെലവ്- 19,78,560<br>അക്കൗണ്ടുകളിലേക്ക് FTO ചെയ്ത തുക- 8,93,23,107 | 9,13,01,667 |
| നീക്കിയിരിപ്പ് | 5,962 |

എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ആകെ വരവ് 10,94,96,107 രൂപയാണ്. (റവന്യൂ ഗ്രാന്റ്- 9,73,51,859 + ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ- 1,21,44,248).

## 1-1-9 ഡെപ്രിസിയേഷൻ

2023-24 വർഷത്തെ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നത് വിവിധ ഫണ്ടുകളിൽ നിന്നുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകകളുടെ മേലാണ്. ജി.ഒ(എം.എസ്)നം.152/2011/തസ്വഭവ, തിയതി 26.07.2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Significant Accounting Policies പ്രകാരം ഡെപ്രിസിയേഷൻ ആസ്തികളുടെ മേലാണ് ചാർജ് ചെയ്യേണ്ടത്. ഇതിനു വിരുദ്ധമായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനു മേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തതിന് വിശദീകരണം നൽകിയിട്ടില്ല.

## 1-1-10 ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാദ്ധ്യത തുകകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1) ഷെഡ്യൂൾ B4 ലെ ചുവടെ ചേർത്ത ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ നിന്നും ക്യാരി ഓവർ ആയി വന്ന തുകകളടക്കം വ്യക്തമായ നാരേഷൻ രേഖപ്പെടുത്താത്ത ഈ തുകകളുടെ വിശദ വിവരങ്ങളുടെ അഭാവത്തിൽ ഈ ബാദ്ധ്യത തുകകളുടെ നിജസ്ഥിതി, കൃത്യത എന്നിവ ഉറപ്പു വരുത്താനായിട്ടില്ല.

| | | |
|---|---|---|
| 320100111 | CSS- Macro Management Policy | 18,150 |

| | | |
|---|---|---|
| 320100124 | Hariyali | 1,10,261 |
| 320100162 | SSA | 3,38,240 |
| 320200304 | Grant For Solid Waste Management | 37,500 |
| 320300102 | Jalanidhi | 3,57,302 |
| 320300103 | Grant For Total Sanitation | 12,000 |
| 320800101 | Beneficiary Contributions | 31,369 |
| 320800199 | Corpus Fund | 47,80 926 |
| 320700104 | Contributions For Joint Venture Projects- Block Panchyats | 11,82,939 |
| 320700105 | Contributions For Joint Venture Projects- District Panchayats | 30,59,993 |
| 320700204 | Contributions For Joint Venture Projects- Block Panchyats Revenue Exp | 1,78,209 |
| 320700405 | Contributions For Joint Venture Projects- District Panchayats Revenue Exp | 1,10,000 |

2) B-9ഷെഡ്യൂളിലെ ബാദ്ധ്യതാ നീക്കിയിരിപ്പുകളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.

ഷെഡ്യൂൾ B9 ലെ ചുവടെ ചേർത്ത ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ നിന്നും ക്യാരി ഓവർ ആയി വന്ന തുകകളടക്കം വ്യക്തമായ നാരേഷൻ രേഖപ്പെടുത്താത്ത ഈ തുകകളുടെ വിശദ വിവരങ്ങളുടെ അഭാവത്തിൽ ഈ ബാദ്ധ്യത തുകകളുടെ നിജസ്ഥിതി, കൃത്യത എന്നിവ ഉറപ്പു വരുത്താനായിട്ടില്ല.

| | | | |
|---|---|---|---|
| 350110104 | Pension Contribution Payable | 70,878 | ലെഡ്ജർ പരിശോധനയിൽ ഈ കണക്കുകളിൽ അനേകം ക്രമീകരണങ്ങൾ നടത്തിയതായും ചില മാസങ്ങളിൽ പെൻഷൻ കോൺട്രിബ്യൂഷൻ രേഖപ്പെടുത്താത്തതായും കാണുന്നു. കണക്കുകളിലെ കൃത്യത പുനപരിശോധിക്കേണ്ടതും വർഷാവസാന നീക്കിയിരിപ്പ് ബാധ്യതയുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. |
| 350200101 | General Provident Fund Recoveries Payable | 20,000 | 20,000 രൂപ വർഷാവസാനം അടയ്ക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിക്കാണുന്നു. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350200110 | Recoveries Payable- KSFE | 6,500 | ഈ തുകകൾ മുൻവർഷങ്ങളിൽ നിന്നും ക്യാരി ഓവർ ചെയ്തു വന്നവയാണ്. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350200111 | Recoveries Payable Coop Societies | 18,000 | |
| 350300103 | Govt And Other Dues Payable- VAT | 98,977 | |
| 350300108 | Govt And Other Dues Payable- Royalty | 1,10,000 | |
| 350300111 | Govt And Other Dues Payable- Flood Cess | 5,833 | |

| | | | |
|---|---|---|---|
| 350400501 | Refunds Payable- Grants And Funds | 22,57,060 | |
| 350400999 | Refund Of Unutilised Grants- Prior Period | 5,66,556 | |
| 350300199 | Govt And Other Dues Payable- Others | 30,827 | 1230000327/ 11-08-2023- 19,909.00<br>1230000328 / 11-08-2023- 10,918.00<br>ഈ രശീതി വൗച്ചറുകൾ പ്രകാരമുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

## 1-1-11 അഡ്വാൻസുകൾ/ ഡെപ്പോസിറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഷെഡ്യൂൾ B-18 പ്രകാരമുള്ള അഡ്വാൻസുകൾ/ ഡെപ്പോസിറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 460100199 | Other Deposits | 68,163 | ഈ കണക്കിൽ തൻവർഷം മുന്നിരിപ്പുണ്ടായിരുന്ന 26,245 രൂപയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 460500101 | Advance To Beneficiary Committee Conveners | 2,00,000 | |
| 460500201 | Deposit With Kerala Water Authority | 18,57,581 | ഈ തുക 2021 മുതൽ ക്യാരി ഓവർ ചെയ്തു വരുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 460500202 | Deposit With KSEB | 21,32,220 | |
| 460500501 | Advance To Implimenting Officers | 3,06,158 | ഈ കണക്കിൽ തൻവർഷം മുന്നിരിപ്പുണ്ടായിരുന്ന 2,55,487 രൂപയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 460509901 | Advance To Others | 30,576 | സാക്ഷരതാ പ്രേരകിന് 2021-22 ൽ നൽകിയ തുകയാണ് ഇത്. ഈ തുകയുടെ നിജസ്ഥിതി പരിശോധിക്കാനുതകുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. |

## 1-1-12 അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ

1) 31.03.2024 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരം 4,45,903 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയുണ്ട്. എന്നാൽ, ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റിന്റെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശ്യം) രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2) 31.03.2024 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 74,44,287രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ, അഡ്വാൻസ് രജിസ്റ്ററിൽ നീക്കിയിരിപ്പുള്ള അഡ്വാൻസുകളുടെ വിശദ വിവരങ്ങൾ (അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശ്യം) രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-1-13 KURDFC വായ്പാ അക്കൗണ്ടിലെ പലിശ- തനതു വരുമാനമായി അക്കൗണ്ട്

**ചെയ്യു.**

KURDFC യിൽ നിന്നും ലൈഫ് ഭവന പദ്ധതിക്കായി എടുക്കുന്ന വായ്പ നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 6146, കാനറാ ബാങ്ക്) തൻവർഷം 1,12,496 രൂപ പലിശയായി ലഭിച്ചിട്ടുണ്ട്. ഈ തുക 171100101-Interest From Bank Accounts എന്ന വരുമാനക്കണക്കിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാങ്ക് വായ്പാ തിരിച്ചടവിനോ ലൈഫ് പദ്ധതിക്കായോ വിനിയോഗിക്കുന്നതിനായി ഈ തുക ബാധ്യതാ കണക്കിലേക്ക് മാറ്റി രേഖപ്പെടുത്തേണ്ടിയിരുന്നു.

## 1-1-14 വായ്പാ/ Prepaid Programme Expense കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

ഷെഡ്യൂൾ B5- 330500201- Loan From KURDFC എന്ന കണക്കിൽ 5,71,25,461 രൂപയാണ് വായ്പാ ബാദ്ധ്യത. എന്നാൽ തത്തുല്യമായ ആസ്തി ഹെഡിൽ (440500101-Prepaid Programme Expense) 5,48,28,699രൂപ മാത്രമേ ചേർത്തിട്ടുള്ളൂ.

## 1-2 ബജറ്റ്

2023-24വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | നം.1/ തിയതി : 24.03.2023 | നം.1/ തിയതി : 09.02.2024 |
| മുന്നിരിപ്പ് | 65,95,929 | 38,83,586 |
| വരവ് | 58,94,16,000 | 75,13,60,091 |
| ആകെ | 59,60,11,929 | 75,52,43,677 |
| ചെലവ് | 59,10,19,915 | 74,91,99,339 |
| നീക്കിയിരിപ്പ് | 49,92,014 | 60,44,338 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2023-24 |
|---|---|
| മുന്നിരിപ്പ് | 4,42,07,621 |
| വരവ് | 9,72,12,457 |
| ആകെ | 14,14,20,078 |
| ചെലവ് | 8,62,08,929 |
| നീക്കിയിരിപ്പ് | 5,52,11,149 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,20,10,000 | 3,20,10,000 | 2,65,93,901 | - | 54,16,099 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5,82,000 | 5,82,000 | 5,81,497 | - | 503 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 12079000 | 12079000 | 10176443 | - | 1902557 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 23288000 | 23288000 | 12242328 | - | 11045672 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6392600 | 6392600 | 4944716 | - | 1447884 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 1,05,315 | 56,59,971 | 57,65,286 | 33,04,327 | 24,60,959 | - |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 88,85,509 | 39,75,500 | 1,28,61,009 | 78,59,612 | 50,01,397 | - |
| **ബിഫണ്ട്** | | | | | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | - | 60,000 | 60,000 | 60,000 | - | - |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 1499593 | 4427145 | 5926738 | 4565590 | 1361148 | - |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 3059993 | 10278718 | 13338711 | 10278718 | 3059993 | - |

| **കേന്ദ്രാവിഷ്കൃതപദ്ധതികൾ** | | | | | | |
|---|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി -Admin | 0 | 19,84,522 | 19,84,522 | 19,78,560 | 5,962 | - |
| തൊഴിലുറപ്പ് പദ്ധതി - വേതനം & മെറ്റീരിയൽ | 0 | 8,93,23,107 | 8,93,23,107 | 8,93,23,107 | 0 | - |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 2275708 | 2923377 | 5199085 | 1103239 | 4095846 | - |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 110000 | 0 | 110000 | 0 | 110000 | - |
| ഹെൽത്ത് ഗ്രാന്റ്- I | 210151 | 446863 | 657014 | 397692 | 259322 | - |
| ഹെൽത്ത് ഗ്രാന്റ്- II | 300385 | 1084472 | 1384857 | 282814 | 1102043 | - |
| ഹെൽത്ത് ഗ്രാന്റ്- III | 0 | 2805500 | 2805500 | 0 | 2805500 | - |
| എസ്.എസ്.എ | 338240 | 0 | 338240 | 0 | 338240 | - |
| ഹരിയാലി | 110261 | 0 | 110261 | 0 | 110261 | - |
| പശ്ചിമ ഘട്ട വികസന പദ്ധതി | 299981 | 11999 | 311980 | 0 | 311980 | - |
| നാഷണൽ ഹെൽത്ത് മിഷൻ | 0 | 1118007 | 1118007 | 618007 | 500000 | - |
| സ്വച്ഛഭാരത് അഭിയാൻ | 0 | 1546500 | 1546500 | 1546500 | 0 | - |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | | |
| ശുചിത്വ മിഷൻ | 475358 | 0 | 475358 | 130000 | 345358 | - |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 2916384 | 17290000 | 20206384 | 15890000 | 4316384 | - |
| സാക്ഷരത | 0 | 14,610 | 14610 | 14610 | 0 | - |
| മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ 320800199 | 4780926 | 0 | 4780926 | 0 | 4780926 | - |
| ജല നിധി 320300102 | 357302 | 0 | 357302 | 0 | 357302 | - |

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 34,58,796/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 1,39,497/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 55,47,097/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 1,52,64,900 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 9 ഗഡു മാത്രമെ തൻ വർഷം ലഭിച്ചിട്ടുള്ളൂ.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 324 | 51,63,98,916 | 178 | 13,02,13,732 | - | 146 | 55% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2023-24 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2023-24 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 46 | 21343579 | 21 | 15087081 | 70.69 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 16 | 6641149 | 8 | 1354710 | 20.40 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 156 | 167528358 | 67 | 23451156 | 14.00 |
| 4 | കൃഷി ഓഫീസർ | 17 | 4893392 | 16 | 3918141 | 80.07 |
| 5 | വെറ്റിനറി സർജ്ജൻ | 10 | 3772440 | 8 | 2678739 | 71.01 |

| | | | | | | |
|---|---|---|---|---|---|---|
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- ബേളൂർ സർക്കിൾ | 11 | 132651533 | 6 | 23033943 | 17.36 |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- തായന്നൂർ | 25 | 158075078 | 19 | 44646895 | 28.24 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 8716850 | 8 | 6081832 | 69.77 |
| 8 | പ്രധാനധ്യാപകൻ | 13 | 3587186 | 8 | 2663174 | 74.24 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 900000 | 1 | 900000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 12 | 5539351 | 12 | 3879658 | 70.04 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 350000 | 2 | 350000 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2200000 | 1 | 2104403 | 95.65 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 200000 | 1 | 64000 | 32 |
| | ആകെ | 324 | 516398916 | 178 | 130213732 | 25.22 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 19,84,522 | 19,84,522 | 19,78,560 | 5,962 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 8,93,23,107 | 8,93,23,107 | 8,93,23,107 | 0 |
| ആകെ | 0 | 9,13,07,629 | 9,13,07,629 | 9,13,01,667 | 5,962 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2023-24 വർഷം 848 പദ്ധതികളുൾപ്പെടുന്ന 44.24കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. . വിവിധ പദ്ധതികളിലായി ആകെ 239475 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1469 കുടുംബങ്ങളുണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രകാരം വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയതിൽ അപാകതയുണ്ട്. ഇക്കാര്യം ഖണ്ഡിക 1-1-8-ൽ പരാമർശിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 53,12,000 | 481 |
| വിധവാപെൻഷൻ | 1,73,90,100 | 1655 |
| വാർദ്ധക്യകാലപെൻഷൻ | 2,83,86,700 | 2703 |
| വികലാംഗപെൻഷൻ | 56,29,800 | 518 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 8,04,200 | 76 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60,000 | 2 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2024 തീയതിയിൽ 11.10 Am ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 2,697/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ഉൾപ്പെടുത്തുന്നു.

1) ഓഫീസ് മീറ്റീങ്ങ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 7 തവണ മാത്രമാണ് ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുള്ളത് . മാസത്തിൽ ഒരു തവണയെങ്കിലും ജീവനക്കാരുടെ യോഗം ചേർന്ന് ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തേണ്ടതാണ്.

2) നിലവിൽ ഭരണ സമിതി മിനിട്സ്, സകർമ്മാ സോഫ്റ്റ് വെയർ മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. സകർമ്മ ആപ്ളിക്കേഷൻ മുഖേന തയ്യാറാക്കുന്ന ഭരണ സമിതി യോഗ മിനിട്സ് പൂർത്തീകരിച്ച് ക്ലോസ്സ് ചെയ്യുന്നതിൽ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3) വരവുചെലവുകൾ തൊട്ടടുത്ത മാസത്തിൽ തന്നെ വൈസ് പ്രസിഡണ്ട് അധ്യക്ഷനായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധ നൽകേണ്ടതാണ്.

4) സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ രേഖകളുടെ പിൻബലത്തോടെ രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല. കൂടാതെ ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല.

5) തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുവാൻ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രത്യകം ശ്രദ്ധ നൽകേണ്ടതാണ്.

6) മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്നും അവ സമൂഹത്തിന് പ്രയോജനപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും ആയതിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരും ഭരണ സമിതിയും ശ്രദ്ധ നല്കേണ്ടതാണ്. ഹരിത കർമ്മസേനയുടെ വരവ് ചെലവ് കണക്കുകൾ പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തുവാനും വേണ്ട നിർദ്ദേശങ്ങൾ നല്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

7) ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ഖണ്ഡിക 1-1 ൽ വിശദമാക്കിയിട്ടുണ്ട്. ആയതിന് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-10 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ</u>

1) <u>റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം 149) പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തതായി കാണുന്നില്ല. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) <u>കെട്ടിടങ്ങളുടെ നമ്പറും ഉപയോഗക്രമവും പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു</u>

2023-24 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യമോ വ്യവസായമോ അല്ല എന്നും പാർപ്പിടാവശ്യമാണെന്നും കണ്ടു. അതായത്, പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നികുതി നിർണ്ണയിച്ചിട്ടുള്ള ഉപയോഗക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗമാറ്റം നടത്താതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | ഫയൽ നമ്പർ | അപേക്ഷ പ്രകാരമുള്ള കെട്ടിട നമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ തരം |
|---|---|---|---|---|
| രാജു എൻ വി | 4822/2023 | 6/435 | റെയിൻബോ പേപ്പർബാഗ് | പാർപ്പിടം |

ഇത്തരത്തിൽ ലൈസൻസ് രേഖകളിലും നികുതി രേഖകളിലും കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാവുന്ന സാഹചര്യങ്ങൾ പരിഹരിക്കേണ്ടതും ഇത്തരത്തലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നിയന്ത്രണ സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 11 തീയ്യതി 29.07.2024)

## 1-11 തൊഴിൽ നികുതി പിരിവ്- അപാകതകൾ

1)തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമ പഞ്ചായത്ത് പരിധിയിലെ രണ്ടു സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്ത രണ്ടു ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതിനാൽ പഞ്ചായത്തിന് 2,400 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2) എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1എ), 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2023-24 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | ഫയൽ നം. | വാർഡ്/ കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | രതീഷ് വി | 52201338 | 17/270 C | ആദി ബേക്കറി | 3 |
| 2 | എം അബ്ദുൾ റഹ്മാൻ | 52201337 | 4/460 D | ഫുഡ് കോർട്ട് റസ്റ്റോറന്റ് | 5 |
| 3 | ഉണ്ണികൃഷ്ണൻ ടി കെ | 52201529 | 3/155 A | അപർണ്ണ ബിസിനസ്സ് | 3 |
| 4 | ജിമിൻസ് മാത്യു | 52201221 | 12/541 D, E, F, G, H, J | ഹൈപ്പർമാർക്കറ്റ് | 7 |
| 5 | പി ഫിലിപ്പ് | 52201425 | 6/408, | മലബാർ | 4 |

| | | | | | |
|---|---|---|---|---|---|
| | | | 409, 411, 404 A | ഹാർഡ്‌വേർസ് | |
| 6 | വിനോദ് കുമാർ എം | 52300179 | 19/542 F | മിസ്റ്റ് മൾട്ടി ക്യുസൈൻ റസ്റ്റോറന്റ് | 6 |
| 7 | ഐസി ജോൺ | - | 17/473 B | അഗ്രികൾച്ചർ പ്രൊഡക്ട്സ് | 4 |
| 8 | അശ്വിൻ കൃഷ്ണ | 52301153 | 1/560 D | ചിൽ ക്രാഫ്റ്റ് സൊല്യൂഷൻസ് | 6 |
| 9 | ടിജോ ചാക്കോ | 52300140 | 5/438 | റസ്റ്റ്പായിന്റ് റസ്റ്റോറന്റ് | 6 |
| 10 | സജിത് ലാൽ എം കെ | 52300075 | 13/315 A | നാരായണ എഞ്ചിനീയറിംഗ് | 3 |
| 11 | മാത്യു ജോസ് | 52201783 | 6/438 | ദേ തന്തൂർ ഹോട്ടൽ | 6 |
| 12 | വിനോദ് സോമി | 52201750 | 6/519 | കിംഗ്സ് ബേക്കറി | 5 |
| 13 | വിനോദ് കുമാർ എം | - | 2/437 A, B, C | ബിഗ് ബൺ ബേക്കറി | 15 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 10 തീയ്യതി 29.07.2024)

**1-12 ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളെ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു.**

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ പാർപ്പിടം ഗണത്തിൽ ഉൾപ്പെട്ട കെട്ടിടത്തിന് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം. | ഇനം | നിരക്ക് |
|---|---|---|
| 1 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. വരെയുള്ളവ | 6 |
| 2 | പാർപ്പിടാവശ്യം-ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച.മീ. വരെയുള്ളവ | 50 |
| 3 | പാർപ്പിടാവശ്യം-ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച.മീ. മുകളിലുള്ളവ | 60 |

എന്നാൽ ഇപ്രകാരമുള്ള നിരക്കിൽ നികുതി നിർണ്ണയിക്കാതെ, ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന കെട്ടിടങ്ങളെ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിർണയിച്ച നികുതി നിരക്ക് | നിർണ്ണയിക്കേണ്ട നികുതി നിരക്ക് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പുത്തൻ പുരയിൽ വിൽസൺ വർഗീസ് | 2/422 D | 62.01 M2 | 6 | 50 |
| | | 2/422 E | 62.01 M2 | 6 | 50 |
| 2 | തുണ്ടുപറമ്പിൽ തങ്കച്ചൻ | 16/353 D | 126.52 M2 | 6 | 50 |
| | | 16/353 E | 75.06 M2 | 6 | 50 |
| | | 16/353 F | 75.06 M2 | 6 | 50 |
| 3 | ഹമീദ് പി (300m2 ന് മുകളിലുള്ള കെട്ടിടം) | 12/564 C | 68.68 M2 | 6 | 60 |
| | | 12/564 D | 52.70 M2 | 6 | 60 |
| | | 12/564 E | 66.72 M2 | 6 | 60 |
| | | 12/564 F | 67.70 M2 | 6 | 60 |
| | | 12/564 G | 78.72 M2 | 6 | 60 |
| | | 12/564 H | 62.88 M2 | 6 | 60 |
| | | 12/564 J | 80.82 M2 | 6 | 60 |
| | | 12/564 K | 77.88 M2 | 6 | 60 |

വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 06 തീയ്യതി 26.07.2024)

## 1-13 കണ്ടിജൻസി ചെലവുകൾ- മുൻകൂർ അനുവദിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

പട്ടികയിൽ ചേർത്തിരിക്കുന്ന നിർവഹണ ഉദ്യോഗസ്ഥർക്ക്/ സ്ഥാപന മേധാവികൾക്ക് കണ്ടിജൻസി ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | സ്വീകർത്താവ് | വൗച്ചർ നം, തിയതി | തുക |
|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ,ആയുർവേദം | 22300107/17.05.2023 | 60,000 |
| 2 | വി ഇ ഒ (ബേളൂർ സർക്കിൾ) | 22300108/17.05.2023 | 60,000 |
| | | 22300407/11.09.2023 | 50,000 |
| 3 | ഐ സി ഡി എസ് സൂപ്പർവൈസർ | 22300343/11.08.2023 | 1,57,000 |
| | ആകെ | | 3,27,000 |

മുൻകൂർ നൽകിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം,നീക്കിയിരിപ്പ് വിവരങ്ങൾ തുടങ്ങിയവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അവ ഹാജരാക്കുന്നതിന് വിധേയമായി 3,27,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി - 19 /30.07.2024)

## 1-14 MCFലേയ്ക്ക് വാങ്ങിയ ബെയിലിംഗ് മെഷീൻ ഒരു വർഷമായിട്ടും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 221/2023-2024 (സ്പിൽ ഓവർ) |
| പ്രോജക്റ്റിന്റെ പേര് | MCF-ലേയ്ക്ക് ബെയിലിംഗ് മെഷീനും ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| വകയിരുത്തൽ | കേന്ദ്രാവിഷ്കൃത ഫണ്ട് 7,00,000/- (സ്വച്ഛഭാരത് മിഷൻ) |

| | |
|---|---|
| ബിൽ നമ്പർ / ചെക്ക് നം | SBM PFMS Advice No.C092346564393/ Dt.30.09.2023) 5,75,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

ഓഡിറ്റ് വർഷം നടപ്പിലാക്കിയ, MCF-ലേയ്ക്ക് ബെയിലിംഗ് മെഷീനും ഫർണീച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പദ്ധതി(പ്രോ.നം.221/23-24 (സ്പിൽ ഓവർ)) പ്രകാരം 5,75,000/-ശുചിത്വ മിഷൻ ഫണ്ട് വിനിയോഗിച്ച് ( SBM PFMS Advice No.C092346564393/ Dt.30.09.2023) GEM മുഖേന BID ചെയ്ത് M/S ഹാപ്പി ഹാൻഡ്സ് ഗ്ലോബൽ ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. (Invoice No.HHG-2023/24 A001 Dt.31.5.2023). പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

എ) പദ്ധതി പ്രകാരം വാങ്ങിയ ബെയിലിംഗ് മെഷീൻ നാളിതുവരെ MCFൽ സ്ഥാപിച്ചിട്ടില്ല. ഒരു വർഷത്തോളമായി പഞ്ചായത്ത് ഓഫീസിനു സമീപം സൂക്ഷിച്ചിരിക്കുന്ന ഉപകരണത്തിന്റെ ചില ഭാഗങ്ങൾ ഇളകിപ്പോയിട്ടുണ്ട്. വിതരണ സ്ഥാപനത്തെ രേഖാമൂലം വിവരം ധരിപ്പിച്ച് അപാകത പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

ബി) ഉപകരണം സ്ഥാപിക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ എം.സി.എഫിൽ ത്രീ ഫേസ് വൈദ്യുത കണക്ഷൻ ലഭ്യമാകാത്തതിനാലാണ് സ്ഥാപിക്കാതിരുന്നതെന്നും, വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി. വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് മുമ്പേ ഉപകരണം വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കിയിട്ടില്ല. ഉപകരണം സ്ഥാപിക്കുന്നതിൽ വരുന്ന കാല താമസം കാരണം ഉണ്ടാകുന്ന കേടുപാടുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

സി) വാങ്ങിയ ഉപകരണം ഗ്രാമ പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ വിശദാംശമാണ് ലഭ്യമാക്കിയത്. സചിത്ര സോഫ്റ്റ്‌വെയർ മുഖേന ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഡി) പദ്ധതി പ്രകാരം വാങ്ങിയ ഉപകരണം MCFൽ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കുവാൻ നടപടികൾ സ്വീകരിച്ച് , കമ്പനിയുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് , ശുചിത്വ മിഷൻ സ്പെസിഫിക്കേഷൻ പാലിക്കുന്നതായുള്ള ജില്ലാ ശുചിത്വ മിഷൻ ടെക്നിക്കൽ കൺസൾട്ടന്റിന്റെ പരിശോധന റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 5,75,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.4/26-7-2024.

## 1-15 മാലിന്യ നീക്കത്തിനായി വാങ്ങിയ വാഹനം ഉപയോഗപ്പെടുത്തുന്നില്ല.

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 4.27 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ ഇലക്ട്രിക് ഓട്ടോറിക്ഷയ്ക്ക് മേൽ മൂടി നിർമ്മിക്കുന്നതിന് 2023-24 വർഷം 44,950/-രൂപ വിനിയോഗിച്ചിട്ടുണ്ട്. വാഹനം കൈകാര്യം ചെയ്യുന്നതിനായി 01/01/2024 മുതൽ ഡ്രൈവറെ നിയമിക്കുകയുമുണ്ടായി. എന്നാൽ പ്രസ്തുത വാഹനം മാലിന്യ നീക്കത്തിന് കാര്യമായി ഉപയോഗിച്ചിട്ടില്ല. വാഹനം വാങ്ങിയ ശേഷവും മാലിന്യ നീക്കത്തിനായി വാഹന വാടകയിനത്തിൽ 2023-24 വർഷം 7.11 ലക്ഷം രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്(പ്രോ.നം.307/23-24, നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് സെക്രട്ടറി). ഗ്രാമ പഞ്ചായത്തിലെ കയറ്റിറക്കങ്ങൾ നിറഞ്ഞ നിരത്തുകളിൽ മാലിന്യ നീക്കത്തിനായി വാങ്ങിയ വാഹനം ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുന്നില്ലയെന്ന് അധികൃതർ സൂചിപ്പിക്കുകയുണ്ടായി. വാഹനം വാങ്ങുമ്പോൾ ആയതിന്റെ ഉപയോഗ സാധ്യതകൾ സംബന്ധിച്ച് കൃത്യമായ പഠനം നടത്താത്തതിനാലാണ് ഇത്തരം സാഹചര്യം ഉണ്ടായത്.
ഇലക്ട്രിക് വാഹനമായതിനാൽ ഉപയോഗിക്കാതെയിരുന്നാൽ ബാറ്ററികൾ ഉൾപ്പടെ നശിക്കുവാൻ സാധ്യതയുള്ളതിനാൽ വാഹനത്തിന്റെ നടത്തിപ്പ് ചുമതല ഹരിത കർമ്മസേന കൺസോർഷ്യത്തിനെ ഏൽപ്പിച്ച് സാധ്യമായിടങ്ങളിലെല്ലാം മാലിന്യ നീക്കത്തിനായി മേൽ

വാഹനം ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള പുരോഗതി റിപ്പോർട്ട്, വാഹനത്തിന്റെ ലോഗ് ബുക്ക് എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ മാലിന്യ നീക്കത്തിനായുള്ള വാഹന വാടകയിനത്തിൽ ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച 7,11,430/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | വൗച്ചർ നം & തിയതി | തുക |
|---|---|---|
| 1 | 22300202/തി.27/6/2023 | 2,50,000/- |
| 2 | 22300541/തി.25/10/2023 | 59,250/- |
| 3 | 22300607/തി.15/11/2023 | 1,90,000/- |
| 4 | 22300833/തി.29/1/2024 | 56,990/- |
| 5 | 22300900/തി.12/2/2024 | 62,620/- |
| 6 | 22301013/തി.13/3/2024 | 52,600/- |
| 7 | 22301084/തി.21/3/2024 | 39,970/- |
| | ആകെ | 7,11,430/- |

## 1-16 ഹോമിയോ ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നും ലഭ്യമായില്ല.

1) പ്രോജക്ട് നം. 17/24- എരുമക്കുളം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ)<br>ഗവ. ഹോമിയോ ഡിസ്പെൻസറി, ബേളൂർ |
| അടങ്കൽ | 1,50,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് തുക | 1,50,000/- |
| ബിൽ റഫറൻസ് നമ്പർ, തീയതി | 23200952005200556810തീയ്യതി 15.09.2023 |

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ എരുമക്കുളം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡ് (ഹോംകോ) ആലപ്പുഴ എന്ന സ്ഥാപനത്തിന് ബിൽ റഫറൻസ് നമ്പർ 23200952005200556810തീയ്യതി 15.09.2023 പ്രകാരം 1,50,000/-രൂപ മുൻകൂറായി നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 34306403911). എന്നാൽ ടാക്സ് ഇൻവോയ്സ് നം. LF-2924 തിയ്യതി 13.02.2024 പ്രകാരം 99,126/- രൂപയുടെ മരുന്നുകൾ മാത്രമേ ഹോംകോയിൽ നിന്നും ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 50,874/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 50,874 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) പ്രൊജക്ട് നം. 18/24- ബേളൂർ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ)<br>ഗവ. ഹോമിയോ ഡിസ്പെൻസറി, ബേളൂർ |
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് തുക | 2,00,000/- |
| ബിൽ റഫറൻസ് നമ്പർ, തീയതി | 23200952005200556813തീയ്യതി 15.09.2023 |

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ എരുമക്കുളം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡ് (ഹോംകോ) ആലപ്പുഴ എന്ന സ്ഥാപനത്തിന് ബിൽ റഫറൻസ്

നമ്പർ 23200952005200556813തീയ്യതി 15.09.2023 പ്രകാരം 2,00,000/-രൂപ മുൻകൂറായി നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 34306403911). എന്നാൽ ടാക്സ് ഇൻവോയ്സ് നം. LF-2780 തിയ്യതി 27.01.2024 പ്രകാരം 81,685/- രൂപയുടെ മരുന്നുകൾ മാത്രമേ ഹോംകോയിൽ നിന്നും ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 1,18,315/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 1,18,315 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 12 തീയ്യതി 29.07.2024)

**1-17 തൊഴിലുറപ്പ് പദ്ധതി- റോഡ് സോളിംഗ് പ്രവൃത്തികൾ- എസ്റ്റിമേറ്റിന് വിരുദ്ധമായി അധികം സോളിംഗ് സ്റ്റോൺ സംഭരിച്ചതിന് തുക നൽകി- 5.47 ലക്ഷം രൂപ നിരാകരിക്കുന്നു.**

തൊഴിലുറപ്പ് പദ്ധതിയിൽ പഞ്ചായത്ത് നടപ്പിലാക്കിയ റോഡ് സോളിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ റോഡ് പ്രതലം മെറ്റലിംഗ് ചെയ്യുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾക്കു വിരുദ്ധമായി അധികം 150 Mm Laterite Soling Stone സംഭരിച്ച് തുക നൽകിയതായി കാണുന്നു. 7 പ്രവൃത്തികളിലായി ഇപ്രകാരം 5,47,848 രൂപയുടെ അധികച്ചെലവ് സംഭവിച്ചത് സംബന്ധിച്ച വിവരം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-18 തൊഴിലുറപ്പ് പദ്ധതി- സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്ക് നൽകിയതുമൂലം ഭീമമായ നഷ്ടം ഉണ്ടാകുന്നു.**

2023-24 സാമ്പത്തിക വർഷത്തിൽ MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. SECURE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സിമന്റിന് ഉൾപ്പെടുത്തിയ നിരക്ക് അടിസ്ഥാനമാക്കിയാണ് ടെണ്ടർ ചെയ്ത് സിമന്റ് വാങ്ങിയത്. ഒരു ടണ്ണിന് 10,240 രൂപയാണ് സോഫ്റ്റ് വെയറിൽ സിമന്റിന്റെ വില. ഈ നിരക്കിൽ 50 കിലോയുടെ ഒരു ചാക്കിന് 512 രൂപയാണ് വിലയായി കണക്കാക്കിയിരിക്കുന്നത്.

2023-24 ൽ കാസറഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി MRP ഒരു ചാക്കിന് 400 രൂപയിൽ താഴെയാണ്. എന്നാൽ ഇത് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ചെയ്തതിനാൽ MRP യെക്കാൾ വളരെയധികം തുക വെണ്ടർമാർക്ക് നൽകേണ്ടി വന്നിട്ടുണ്ട്. വെണ്ടർമാർക്ക് തുക നൽകുമ്പോൾ അവരിൽ നിന്നും സിമന്റിന്റെ ഇൻവോയ്സ് വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കുന്ന സമ്പ്രദായം പഞ്ചായത്ത് അവലംബിച്ചിട്ടില്ല.

സാധന സാമഗ്രികൾ ഉപയോഗിച്ചിട്ടുള്ള വ്യക്തിഗത വർക്കുകളുടെ ഫയലിൽ ഗുണഭോക്താക്കൾ വാങ്ങിയ സാധന സാമഗ്രികളുടെ ബില്ലുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ബില്ലുകളുടെ പരിശോധനയിൽ 2023-24 ൽ കാസറഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി MRP ഒരു ചാക്കിന് 400 രൂപയിൽ താഴെയാണ് എന്ന് മനസ്സിലാക്കാവുന്നതാണ്. ഉദാഹരണത്തിന് വർക്ക് കോഡ് IF/1008091- സുധ.കെ. എന്നവർക്ക് പോൾട്രി ഷെഡ് നിർമാണം എന്ന പ്രവൃത്തിയിൽ ഗുണഭോക്താവ് അമ്പലത്തറയിലെ കെ.കെ.ഹാർഡ് വേർസ് (GSTIN 32BPYPK9899F1Zv) എന്ന സ്ഥാപനത്തിൽ നിന്നും 22.12.2023 ലെ 468 നമ്പർ ഇൻവോയ്സ് പ്രകാരം 8 ചാക്ക് സിമന്റ് വാങ്ങിയത് നികുതികൾ അടക്കം 2,969.60 രൂപയ്ക്കാണ്. (ചാക്കിന് 371.25 രൂപ). എന്നാൽ ഇതേ കാലയളവിൽ നടപ്പിലാക്കിയ വർക്ക് കോഡ് RC/371443- മുക്കോട് ബിർത്തിമൂല തൊട്ടിലായി റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയിൽ അബ്ദുൾ റഹിമാൻ എം എന്ന വെണ്ടറിൽ നിന്നും 20.14 ടൺ സിമന്റ് സമാഹരിച്ചത് ടണ്ണിന് 10,240 രൂപ നിരക്കിൽ 2,06,233.60 രൂപയ്ക്കാണ്. (50 കിലോചാക്കിന് 512 രൂപ). നിലവിലുള്ള ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ ചാക്കിന് 140.75 രൂപയോളം അധികം ചെലവഴിച്ചാണ് ഈ പ്രവൃത്തിക്കായി സിമന്റ് സമാഹരിച്ചത്. 403 ചാക്കിന് ഒരു ചാക്കിന് 140.75 രൂപ നിരക്കിൽ 56,722 രൂപ ഈ പ്രവൃത്തിയിൽ തന്നെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ഇതേ പോലെ എല്ലാ റോഡ് കോൺക്രീറ്റ്/ഡ്രെയിനേജ്/ സൈഡ് പ്രോട്ടക്ഷൻ വർക്കുകളിലും സിമന്റ് സമാഹരിക്കപ്പെട്ടത് മേൽ വിവരിച്ച പ്രകാരമാണ്. വലിയ അധികച്ചെലവ് ഇതിൽ പഞ്ചായത്തിന് വഹിക്കേണ്ടി വന്നിട്ടുണ്ട്.

IF/606058- മൂന്നാം വാർഡിലെ ശ്രീ.ഉദയകുമാറിന് ചിക്കൻ ഫാം നിർമാണം എന്ന പ്രവൃത്തിയിൽ ഗുണഭോക്താവ് മലബാർ ഹാർഡ്വെയേഴ്സ് ചുള്ളിക്കര എന്ന സ്ഥാപനത്തിൽ നിന്നും 06.01.2022 ലെ MHC21-22/4549 എന്ന ഇൻവോയ്സ് പ്രകാരം 17 ചാക്ക് സിമന്റ് 6,187.99 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. (ചാക്കിന് 364 രൂപ). എന്നാൽ 25.04.2022 മുതൽ 03.05.2022 വരെയുള്ള കാലയളവിൽ നടത്തിയ RC/353939-ചുള്ളിക്കര നായ്ക്കയം അറിപ്പനീർ റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയിൽ ടണ്ണിന്

10,240 രൂപ നിരക്കിലാണ് 20.3 ടൺ സിമന്റ് സമാഹരിച്ചത്. (ചാക്കിന് 512 രൂപ) ചാക്കിന് 148 രൂപ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്.

SECURE സോഫ്റ്റ് വെയറിലെ നിരക്ക് അതേപടി പാലിച്ച് ടെണ്ടർ ചെയ്യുന്നതിന് പകരം നിരക്ക് ക്രമാതീതമായി അധികമാണെന്ന് മനസ്സിലാക്കി മാർക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ ഭീമമായ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു.

ഈ വിഷയം മറ്റു പല ജില്ലകളിലും NREGA ഓംബുഡ്സ് പേഴ്സന്റെ ശ്രദ്ധയിൽപെടുകയും നിർബന്ധമായും പാക്കേജ്ഡ് സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ നിരക്ക് MRPയെക്കാൾ അധികം വരാത്ത വിധത്തിൽ മാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കി ടെണ്ടർ ചെയ്യണമെന്ന് അവാർഡ് വന്നിട്ടുള്ളതാണ്. (ഉദാഹരണം MGNRGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്.)

ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ അധികം തുകയിൽ സിമന്റ് സംഭരിക്കുവാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14, തിയതി 29.07.2024) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഈ വിഷയം തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ അടിയന്തിര ശ്രദ്ധയിൽപെടുത്തുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മാണ പ്രവൃത്തികൾക്കുപയോഗിക്കുന്ന സാമഗ്രികളുടെ ലോക്കൽ മാർക്കറ്റ് നിരക്കുകൾ നിലവിലുള്ള മാർക്കറ്റ് നിരക്കുകളോട് അടുത്തു നിൽക്കുന്നുവെന്നും വ്യത്യാസങ്ങൾ കാര്യകാരണ സഹിതം വിശദീകരിക്കപ്പെടുന്നുവെന്നും ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ സമാഹരണം - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

മഹാത്മാ ഗാന്ധി ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യമായ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിതരണം എന്നിവ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ സ.ഉ.(കൈ)നം.93/2012/തസ്വഭവ തീയതി 31.03.2012 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രോക്വയർമെന്റ് കമ്മിറ്റിയുടെ രൂപീകരണം, പ്രോക്വയർമെന്റ് പ്ലാൻ തയ്യാറാക്കൽ, വാങ്ങൽ നടപടിക്രമങ്ങൾ, സാധനസാമഗ്രികളുടെ സംഭരണം, വിതരണം, മിച്ചമുള്ള സാമഗ്രികളുടെ ഡിസ്പോസൽ, പ്രോക്വയർമെന്റ് നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കൽ തുടങ്ങിയ കാര്യങ്ങളിൽ വിശദമായ നിർദേശങ്ങൾ ഈ മാർഗരേഖയിൽ ഉണ്ട്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2023-24 ൽ 81 പ്രവൃത്തികൾക്കായി 1,93,38,713 രൂപയുടെ സാധന സാമഗ്രികൾ സമാഹരിച്ചിട്ടുണ്ട്. ഇതിൽ തൊഴുത്ത്, കോഴിക്കൂട് തുടങ്ങിയ, വ്യക്തികൾക്കായുള്ള ആസ്തികളുടെ നിർമാണവും റോഡ് കോൺക്രീറ്റ് അടക്കമുള്ള സാമൂഹിക ആസ്തികളുടെ നിർമാണവും ഉൾപ്പെടുന്നു. വാങ്ങൽ നടപടിക്രമങ്ങൾ, സംഭരണം, വിതരണം എന്നിവയിൽ സർക്കാർ മാർഗ നിർദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന പരിശോധനയ്ക്കായി വിവിധ വിവരങ്ങളും രേഖകളും ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം. 9,തിയതി 29.07.2024 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് നടത്തിയ വാങ്ങലുകളിൽ ചുവടേ ചേർക്കുന്ന അപകതകൾ ഉള്ളതായി കാണുന്നു.

1. കോടോം ബേളൂർ ഗ്രാമപഞ്ചായത്തിൽ NREGA ക്കായി പ്രോക്വർമെന്റ് കമ്മിറ്റി, സബ് കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിച്ചുവെങ്കിലും കമ്മിറ്റികളുടെ വിശദാംശങ്ങളും കമ്മിറ്റികൾ അംഗീകരിച്ചു കൊണ്ടുള്ള ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ ഉത്തരവും കമ്മിറ്റികളുടെ മിനുട്ട്സ് ബുക്കുകളും ഹാജരാക്കിയിട്ടില്ല. കമ്മിറ്റികൾ കൃത്യമായി സംഘടിപ്പിച്ചതിനും വാങ്ങൽ നടപടികൾ നിയന്ത്രിച്ചതിനും തെളിവില്ല.

2. പ്രതിമാസ, അർദ്ധവർഷ, വാർഷിക പ്രോക്വയർമെന്റ് പ്ലാനുകൾ തയ്യാറാക്കിയിട്ടില്ല. ഓരോ പ്രവൃത്തിക്കായി പ്രത്യേകം ടെണ്ടറുകൾ വിളിച്ച് സാധന സാമഗ്രികൾ സമാഹരിക്കുന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിട്ടുള്ളത്. സർക്കാർ മാർഗ നിർദേശ പ്രകാരം പ്രതിമാസ, അർദ്ധവർഷ, വാർഷിക പ്രോക്വയർമെന്റ് പ്ലാനുകൾ തയ്യാറാക്കി ബൾക്ക് പ്രൊക്വയർമെന്റ് നടത്തിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന ആനുകൂല്യങ്ങൾ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

3. ടെണ്ടറുകളുടെ പത്രപ്പരസ്യം, ടെണ്ടർ ഫോറം വിൽപ്പന, ലഭിച്ച ടെണ്ടറുകൾ, ടാബുലേഷൻ പട്ടിക, കരാറുകാരുമായി ഏർപ്പെട്ട കരാർ, വർക്ക് ഓർഡർ, പഞ്ചായത്ത് കമ്മിറ്റി ടെണ്ടറുകൾ അംഗീകരിച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കാൻ NREGA വിഭാഗത്തിന് സാധിച്ചിട്ടില്ല.

ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകളുടെ അഭാവത്തിൽ ടെണ്ടർ നടപടികൾ നിയമവിധേയവും സുതാര്യവുമായിരുന്നോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. സാധന സാമഗ്രികൾ ഏറ്റുവാങ്ങുന്ന എഞ്ചിനീയർ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് സമർപ്പിക്കേണ്ട രേഖകൾ (വാഹനത്തിന്റെ വിവരം, സാമഗ്രികൾ ടെക്നിക്കൽ സ്പെസിഫിക്കേഷനുകൾ പാലിക്കുന്നുവെന്ന സാക്ഷ്യപത്രം) തയ്യാറാക്കുകയോ സെക്രട്ടറിക്ക് കൈമാറുകയോ ചെയ്യുന്ന രീതി പഞ്ചായത്തിൽ ഇല്ല. ഇത്തരം രേഖകൾ എഞ്ചിനീയറോട് ആവശ്യപ്പെടുന്ന രീതി സെക്രട്ടറി സ്വീകരിച്ചിട്ടുമില്ല. സാധന സാമഗ്രികൾ ഏറ്റു വാങ്ങിയ മേറ്റിന്റെ ഒപ്പും AE യുടെ മേലൊപ്പും അടങ്ങിയ അനുബന്ധം 5 ലുള്ള റിപ്പോർട്ട് ഒരു പ്രവൃത്തിയിലും തയ്യാറാക്കിയിട്ടില്ല. ഈ റിപ്പോർട്ട് സെക്രട്ടറിക്ക് കൈമാറേണ്ടതാണെങ്കിലും സെക്രട്ടറി ഈ രേഖ ആവശ്യപ്പെട്ടതായി ഒരു ഫയലിലും കാണുന്നില്ല.

5. മെറ്റീരിയൽ ഉപയോഗിച്ച് നടത്തുന്ന എല്ലാ പ്രവൃത്തികളിലും പ്രോജക്ട് ഇനിസിയേഷൻ മീറ്റിംഗ് നടത്തേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഒരു പ്രവൃത്തിയിലും പ്രോജക്ട് ഇനിസിയേഷൻ മീറ്റിംഗ് നടത്തിയതായി ഫയലിൽ കാണുന്നില്ല.

6. മേറ്റ് കൈപ്പറ്റിയ സാമഗ്രികളുടെ സ്റ്റോക്ക്, വിതരണം എന്നിവ രേഖപ്പെടുത്തിയ അനുബന്ധം 6 ലുള്ള സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

7. മിച്ചം വരുന്ന സാമഗ്രികളുടെ കൈകാര്യം ഒരു പ്രവൃത്തിയുടെ ഫയലിലും കാണാൻ സാധിച്ചിട്ടില്ല. സാധനങ്ങൾ മിച്ചം വന്നിട്ടില്ല എന്നാണ് NREGA വിഭാഗം വിശദീകരണം നൽകിയിട്ടുള്ളത്.

8. പഞ്ചായത്ത് സമാഹരിച്ച സാധന സാമഗ്രികളുടെ ജി.എസ്.ടി ഇൻവോയ്സുകൾ കരാറുകാരിൽ നിന്നും വാങ്ങുകയോ ബില്ലുകളിലെയും എസ്റ്റിമേറ്റിലെയും നിരക്കുകൾ താരതമ്യപ്പെടുത്തി പേമെന്റ് ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.
മേൽ അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-20 തൊഴിലുറപ്പ് പദ്ധതിയിലെ പ്രോജക്ടുകളുടെ നിർവ്വഹണം- പൊതു അപാകതകൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് വർഷത്തിൽ ആകെ 386 പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കിയിരുന്നു. ഓഡിറ്റിന്റെ ഭാഗമായി ചില പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രവൃത്തികളുടെ ഫയൽ അപൂർണമായി സൂക്ഷിക്കുന്നു.

മിക്ക പ്രവൃത്തികളുടെയും ഫയലുകൾ അപൂർണമായാണ് സൂക്ഷിച്ചിട്ടുള്ളത്. ഫയലുകളിൽ ടെണ്ടർ രേഖകൾ, സാധന സാമഗ്രികളുടെ പ്രോക്വയർമെന്റ് രേഖകൾ, നികുതികൾ സംബന്ധിച്ച രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോളുകൾ ഫയലിൽ ഉണ്ടെങ്കിലും ചില ഫയലുകളിൽ വേജ് ലിസ്റ്റ് ഉൾക്കൊള്ളിച്ചിട്ടില്ല. FTO യുടെ പ്രിന്റ് ഫയലുകളിൽ ഉൾക്കൊള്ളിക്കുന്നില്ല. മിക്ക ഫയലുകളിലും രേഖകൾ ക്രമമില്ലാതെ ലൂസ് ഷീറ്റുകളായാണ് സൂക്ഷിച്ചിട്ടുള്ളത്. സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ വെണ്ടർമാർക്കുള്ള പേമെന്റ് തുക കണക്കു കൂട്ടിയതിന്റെ രേഖകളും ഉൾക്കൊള്ളിച്ചിട്ടില്ല.

2. അളവുകൾ അളവു പുസ്തകത്തിൽ രേഖപ്പെടുത്താതെയും മൂല്യ നിർണയം നടത്താതെയും പാർട്ട് വേതനം നൽകുന്നു. പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ സാമൂഹ്യ ആസ്തി നിർമാണ പ്രവൃത്തികളിൽ പല തവണകളിലായി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു കാണുന്നു. എന്നാൽ വേതന വിതരണത്തിന് മുന്നോടിയായി നാളിതു വരെ ചെയ്ത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി മൂല്യ നിർണയം നടത്തിയതായി കാണുന്നില്ല. മിക്ക പ്രവൃത്തികളുടെയും അളവ് പുസ്തകം പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരണത്തിനു ശേഷം ഒറ്റത്തവണയായി എല്ലാ പ്രവൃത്തികളുടെയും അളവ് രേഖപ്പെടുത്തുന്നതായും ഒറ്റ ബില്ല് മാത്രം രേഖപ്പെടുത്തുന്നതായും കാണുന്നു. ഇത് ശരിയായ നടപടിയല്ല. തൊഴിലാളികൾക്ക് വേതന വിതരണം നടത്തുന്നതിന് മുന്നോടിയായി പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തി മൂല്യനിർണയം നടത്തുകയും പാർട്ട് ബില്ലുകൾ അളവു പുസ്തകങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ഉദാ- വർക്ക് കോഡ്- IF/606058- വാർഡ് 3- ഉദയകുമാറിന് ചിക്കൻ ഫാം നിർമാണം

3. സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2005-ലെ ഖണ്ഡിക 25, (എ) ഷെഡ്യൂൾ-I പ്രകാരം എല്ലാ സാധാരണക്കാർക്കും പങ്കാളികൾക്കും അടിസ്ഥാന വിവരങ്ങൾ നിർബന്ധമായും സജീവമായി വെളിപ്പെടുത്തുന്നതിനുള്ള 'ജനത ഇൻഫർമേഷൻ സിസ്റ്റത്തിന്റെ' അവിഭാജ്യ ഘടകമാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകളും വാൾ റൈറ്റിംഗുകളും. എന്നാൽ ചില പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1601006005/WC/620042-ജലകൊയ്ത്ത് നിർമ്മിതികൾ മുളവിന്നൂർ മുണ്ടപ്ലാവ് വാർഡ് 18
1601006005/WC/601265-തോട് നവീകരണം അട്ടക്കണ്ടം വാർഡ് 9
1601006005/WC/601335- തോട് നവീകരണം അയറോട്ട് വാർഡ് 5
(അവലംബം- വെബ് സൈറ്റിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്)

4. മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് പൂർണമായി രേഖപ്പെടുത്തുന്നില്ല.

മിക്ക പ്രവൃത്തികളുടെയും അളവു പുസ്തകങ്ങളിലെ മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് പരിശോധിച്ചതിൽ, മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് പൂർണമായി എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല എന്ന് കാണുന്നു. ആകെ അളവു മൂല്യം രേഖപ്പെടുത്തുന്നുവെങ്കിലും അതിന്റെ ഘടകങ്ങൾ എഴുതുന്നില്ല. കൂടാതെ വിവിധ സാധന സാമഗ്രികളുടെ ആഡികപസി അളവു പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല.

5. മസ്റ്റർ റോളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പടുത്തുന്നില്ല.

വിവിധ പ്രവൃത്തികളുടെ ഭാഗമായി തൊഴിലാളികൾക്ക് വേതനം നൽകിയതിന്റെ മസ്റ്റർ റോളുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുകയുണ്ടായി.

1) മസ്റ്റർ റോളുകൾ മേറ്റ് സാക്ഷ്യപ്പെടുത്തുന്നില്ല.

2) മസ്റ്റർ റോളുകൾ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല.

3) മസ്റ്റർ റോളുകളിൽ ആകെ ഹാജർ, പ്രതിദിന വേതനം, ആകെ തുക എന്നിവ രേഖപ്പെടുത്തുന്നതിനുള്ള കോളങ്ങൾ പൂരിപ്പിക്കുന്നില്ല.

4) ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലായി തൊഴിലാളികൾക്ക് വേതനം നൽകിയതിന്റെ എല്ലാ മസ്റ്റർ റോളുകളും വർക്ക് ഫയലിൽ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണങ്ങൾ നൽകേണ്ടതാണ്.

## 1-21 തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും നികുതികളും ക്ഷേമനിധി വിഹിതവും കുറവു ചെയ്യുന്നില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, 2017 ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2018ഒക്ടോബർ 1 മുതൽ 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. കൂടാതെ 1989ലെ കേരള നിർമാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 8 പ്രകാരം ഒരു കരാറുകാരൻ തൊഴിൽദാതാവായിരിക്കുന്ന സാഹചര്യത്തിൽ കരാറുകാരന് നൽകാനുള്ള ബിൽ തുകയിൽ നിന്ന് 1% തുക കുറവ് ചെയ്ത് ഫണ്ടിലേക്ക് അടക്കാൻ വകുപ്പിന് ബാദ്ധ്യതയുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 2023-24 വർഷം സാധന സാമഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുത്ത കാരറുകാർ മുഖേനയാണ് സാധനങ്ങൾ വാങ്ങിയത്. എന്നാൽ കരാറുകാർക്കുള്ള പേമെന്റ് നടത്തിയപ്പോൾ നിയമങ്ങൾ പ്രകാരം ഈടാക്കേണ്ട നികുതികളും വിഹിതങ്ങളും ഈടാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019 ലെ സർക്കുലറിലെ നിർദ്ദേശം പാലിച്ച് ജി.എസ്.ടിയും, ആദായ നികുതി നിയമപ്രകാരമുള്ള ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി നിയമപ്രകാരമുള്ള ക്ഷേമനിധി വിഹിതവും കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ നമ്പർ, തുക | | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി 1% SGST 1% CGST | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | ഈടാക്കേണ്ടിയിരുന്ന ക്ഷേമനിധി വിഹിതം | പേമെന്റ് |
|---|---|---|---|---|---|---|---|
| 1 | Rc 371365<br>Work Name-KALICHAMPARA VAYAMBU | 0121EATPAYREQ310720231664 | 2,73,178 | 5,463.56 | 2,731.78 | 2,731.78 | |
| 2 | RC 371520<br>Work Name-ETTAMMILE MOOPPIL ROAD SOLING WARD 11 | 0121EATPAYREQ310720231667 | 2,97,892 | 5,957.84 | 2978.92 | 2978.92 | |
| 3 | Rc 371509<br>Work Name-CHEMAMTHODU MULAVINNUR VALIYADUKKAM ROAD SOLING WARD17 | 0121EATPAYREQ310720231670 | 3,10,429 | 6,208.58 | 3,104.29 | 3,104.29 | |
| 4 | Rc 371499<br>Work Name-KALIKKADAVU THONIKKALLU ROAD SOLING WARD 18 | 0121EATPAYREQ310720231672 | 310429 | 6208.58 | 3104.29 | 3104.29 | |
| 5 | Rc 371510<br>Work Name-PANANGADU CHERAKKARAPADI KARAKKODU ROAD SOLING WARD 16 | 0121EATPAYREQ310720231673 | 265591 | 5311.82 | 2655.91 | 2655.91 | |
| 6 | RC 344822<br>Work Name-2021-2022 ചേമംതോട്-ചിറ്റൂർ റോഡ് സോളിംഗ് (വാർഡ് 18) | 0121EATPAYREQ310720231674 | 228021 | 0 | 2280.21 | 2280.21 | |
| 7 | 006005/RC/371389<br>Work Name-KOODANADUKKAM KUYYANGAD ROAD CONCRETE WARD 4 | 0121EATPAYREQ2103202416127 | 397327 | 7946.54 | 3973.27 | 3973.27 | |
| 8 | 1601006005/RC/345134<br>Work Name-2021-22 അയറോട്ട് - അയറോട്ട്മല - മേക്കോടോം ഫുട്പാത്ത് കോൺക്രീറ്റ് വാർഡ് 5 | 0121EATPAYREQ2103202416131 | 400255 | 8005.1 | 4002.55 | 4002.55 | |
| 9 | 1601006005/RC/344871<br>Work Name-2021-2022 മൂപ്പിൽ നടപ്പാത നിർമ്മാണം (വാർഡ് 13) | 0121EATPAYREQ1903202416176 | 400255 | 8005.1 | 4002.55 | 4002.55 | |
| 10 | 1601006005/RC/371386<br>Work Name-UDAYAPURAM PINDIKADAVU ROAD CONCRETE WARD 3 | 0121EATPAYREQ0910202316229 | 397327 | 7946.54 | 3973.27 | 3973.27 | |
| 11 | 1601006005/RC/356186<br>Work Name-CHAMAKKUZHI COLONY ROAD CONCRETE WARD 13 | 0121EATPAYREQ1810202316271 | 400153 | 8003.06 | 4001.53 | 4001.53 | |
| 12 | 1601006005/RC/371441<br>Work Name-MAYYNGANAM ALATHADI MUKKOOD ROAD CONCRETE WARD 13 | 0121EATPAYREQ1810202316292 | 397224 | 7944.48 | 3972.24 | 3972.24 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | 1601006005/RC/371439<br>Work Name-MAYYANGANAM FOOTPATH CONCRETE WARD 13 | 0121EATPAYREQ 1810202316302 | 397224 | 7944.48 | 3972.24 | 3972.24 | |
| 14 | 1601006005/AV/281589<br>Work Name-PARAPPA CLAYIKKODU ROAD CULVERT WARD 10 | 0121EATPAYREQ 0605202316443 | 131261 | 0 | 1312.61 | 1312.61 | |
| 15 | 1601006005/AV/281588<br>Work Name-BANAM KOKKUNNU MUNDYANAM ROAD CULVERT WARD 10 | 0121EATPAYREQ 06052023164444 | 199076 | 0 | 1990.76 | 1990.76 | |
| 16 | 1601006005/RC/371421<br>Work Name-PARAKKALLU CHOORIYODAL ROAD CONCRETE WARD 8 | 0121EATPAYREQ 05102023166666 | 397224 | 7944.48 | 3972.24 | 3972.24 | |
| 17 | 1601006005/RC/353939<br>Work Name-2021-22 ചുള്ളിക്കര നായിക്കയം അരിപ്പനീർ റോഡ് കോൺക്രീറ്റ് വാർഡ് 6 | 0121EATPAYREQ 06122023161122 | 400272 | 8005.44 | 4002.72 | 4002.72 | |
| 18 | 1601006005/RC/355819<br>Work Name-Cleenippara Bhajanamadam Road Concrete | 0121EATPAYREQ 18122023161132 | 396251 | 7925.02 | 3962.51 | 3962.51 | |
| 19 | Rc 371432<br>Work Name-Banam Kokkunnu Mundyanam Road Concrete | 0121EATPAYREQ 18122023161134 | 397225 | 7944.5 | 3972.25 | 3972.25 | |
| 20 | RC 371423<br>Work Name-Sarkkari Eramkunnu Road Concrete Ward 9 | 0121EATPAYREQ 18122023161135 | 397122 | 7942.44 | 3971.22 | 3971.22 | |
| 21 | Rc 355817<br>Work Name-Cheerol Colony Road | 0121EATPAYREQ 18122023161137 | 400255 | 8005.1 | 4002.55 | 4002.55 | |
| 22 | RC 371406<br>Work Name-Palappuzha Check Dam Road Concrete | 0121EATPAYREQ 18122023161160 | 411416 | 8228.32 | 4114.16 | 4114.16 | |
| 23 | Rc 371453<br>Work Name-Laloor Vishnumoorthy Devasthanam Road Concrete | 0121EATPAYREQ 06122023161189 | 400255 | 8005.1 | 4002.55 | 4002.55 | |
| 24 | 1601006005/FP/396405<br>Work Name-Construction Of Retaining Wall-Kunnumvayal Odayamchal Thodu Ward 8 | 0121EATPAYREQ 06122023161306 | 367825 | 7356.5 | 3678.25 | 3678.25 | |
| 25 | 1601006005/RC/353973<br>Work Name-2021-22 കറുവളപ്പ് വേങ്ങച്ചേരി റോഡ് കോൺക്രീറ്റ് വാർഡ് 14 | 0121EATPAYREQ 06122023161407 | 400255 | 8005.1 | 4002.55 | 4002.55 | |
| 26 | 1601006005/RC/328508<br>Work Name-CONSTRUCTION OF ROAD CONCRETE KANATHIL UMIKUPPA ROAD (5) | 0121EATPAYREQ 18032024161413 | 337637 | 6752.74 | 3376.37 | 3376.37 | |
| 27 | 1601006005/RC/371373<br>Work Name-THATTUMMAL | 0121EATPAYREQ 06122023161446 | 276068 | 5521.36 | 2760.68 | 2760.68 | |

| | | | | | | |
|---|---|---|---|---|---|---|
| | ARIYALAM KUYYANGAD ROAD SOLING WARD 2 | | | | | |
| 28 | (1601006005/AV/281627)<br>Work Name-Kalichanadukkam Vannan Colony Road Culvert | 0121EATPAYREQ 130620231696 | 269817 | 5396.34 | 2698.17 | 2698.17 |
| 29 | Rc 333455<br>Work Name-ERIYA BALOOR ANGANWADI ROAD CONCRETE 19 | 0121EATPAYREQ 310720231675 | 225933 | 0 | 2259.33 | 2259.33 |
| 30 | Rc 354898<br>Work Name-2021-2022 ക്ലായി കപ്പാത്തിക്കാൽ റോഡ് സോളിംഗ് വാർഡ് 3 | 0121EATPAYREQ 310720231676 | 164862 | 0 | 1648.62 | 1648.62 |
| 31 | Rc 353943<br>Work Name-2021-22 ചുള്ളിക്കര അത്തിയടുക്കംപാറ റോഡ് കോൺക്രീറ്റ് വാർഡ് 6 | 0121EATPAYREQ 1104202316119 | 400273 | 8005.46 | 4002.73 | 4002.73 |
| 32 | RC 355997<br>Work Name-SHASTHAMPARA KINAR ANAPPETTI ROAD CONCRETE WARD 12 | 0121EATPAYREQ 1210202316122 | 400255 | 8005.1 | 4002.55 | 4002.55 |
| 33 | Rc 371396<br>Work Name-GRADIPPALLA KARUNECHIPPARA ROAD CONCRETE WARD 5 | 0121EATPAYREQ 1210202316124 | 397231 | 7944.62 | 3972.31 | 3972.31 |
| 34 | RC 355996<br>Work Name-MOOPPIL ANGANVADI ETTAMMILE ROAD CONCRETE WARD 13 | 0121EATPAYREQ 1903202416124 | 400255 | 8005.1 | 4002.55 | 4002.55 |
| 35 | RC 371704<br>Work Name-MUTTICHARAL KOPPALANMOOLA ROAD CONCRETE WARD 19 | 0121EATPAYREQ 1210202316125 | 249273 | 0 | 2492.73 | 2492.73 |
| 36 | AV 281634<br>Work Name-NAMBYARKOCHI KULIKKUNNAKUNDU DRAINAGE WARD 9 | 0121EATPAYREQ 1306202316103 | 399813 | 7996.26 | 3998.13 | 3998.13 |
| 37 | 1601006005/AV/281626<br>Work Name-Kalichanadukkam Vannan Colony Road Drainage | 0121EATPAYREQ 06122023161100 | 291701 | 5834.02 | 2917.01 | 2917.01 |
| 38 | 1601006005/FP/399447<br>Work Name-Kunnum Vayal Padasekharam Thodu Side Protection Ward 8,2 | 0121EATPAYREQ 06122023161571 | 300823 | 6016.46 | 3008.23 | 3008.23 |
| 39 | 1601006005/RC/328506<br>Work Name-GLADIPPALLA KARUNECHIPARA ROAD CONCRETE (5) | 0121EATPAYREQ 18032024161376 | 373174 | 7463.48 | 3731.74 | 3731.74 |
| | | | | 241248.82 | 132608.57 | 132608.57 |

നടത്തുവാൻ ബാക്കിയുള്ള എല്ലാ പ്രവൃത്തികളുടെയും പേമെന്റ് നടത്തുമ്പോൾ ബാധകമായ നികുതി, ക്ഷേമനിധി വിഹിതങ്ങൾ കുറവ് ചെയ്ത് അടക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-22 വാതിൽപ്പടി സേവനം- സംഭാവനയായി ലഭിച്ച തുക ചെലവഴിക്കുന്നില്ല

വാതിൽപ്പടി സേവനം എന്ന പദ്ധതിക്കായി പഞ്ചായത്ത് പൊതു ജനങ്ങളിൽ നിന്ന് സ്വരൂപിച്ച സംഭാവന തുകകൾ ചെലവഴിച്ചിട്ടില്ല.

പദ്ധതിക്കായി 17.04.2022 ന് കേരള ബാങ്കിൽ 3027 നമ്പർ അക്കൗണ്ട് ആരംഭിക്കുകയും 1,19,742 രൂപ സംഭാവനയിനത്തിൽ സ്വരൂപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെ ഈ അക്കൗണ്ടിൽ നിന്നും ചെലവുകൾ ഒന്നുംതന്നെ നടത്തിയിട്ടില്ല. പഞ്ചായത്തിൽ വാതിൽപ്പടി സേവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന വിവരവും നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ നാളിതുവരെ നൽകിയ സേവനങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13, തിയതി 29.07.2024) മറുപടി ലഭിച്ചിട്ടില്ല. വാതിൽപ്പടി സേവന പദ്ധതി പൂർണമായ തോതിൽ ആരംഭിക്കുകയും സംഭാവനയായി സ്വരൂപിച്ച തുകകൾ ചെലവഴിക്കേണ്ടതുമാണ്.

## 1-23 മുറ്റത്തൊരു മീൻതോട്ടം പദ്ധതി - കുളം നിർമ്മിച്ചിട്ട് എട്ട് മാസത്തിലേറെ ആയിട്ടും മത്സ്യകൃഷി ആരംഭിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 195/2024 |
| പ്രോജക്റ്റിന്റെ പേര് | മുറ്റത്തൊരു മീൻതോട്ടം |
| വകയിരുത്തൽ | വികസന ഫണ്ട് ( സാധാ ) 72,000/-<br>ധനകാര്യ കമ്മീഷൻ അവാർഡ് 8,000/-<br>മറ്റുള്ളവ 1,20,000/- |
| ബിൽ നമ്പർ / Sanction Order | 23200952008900946690 തീയ്യതി.15.12.2023 തുക 64,000/-<br>(വികസന ഫണ്ട് ) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

വിഷരഹിത മത്സ്യം പ്രാദേശികമായി ഉറപ്പ് വരുത്തുന്നതിനായി വിഭാവനം ചെയ്ത മേൽ പദ്ധതിയുടെ നടത്തിപ്പിനായി 31.07.2023 ലെ 1/1 നമ്പർ ഭരണസമിതി തീരുമാന പ്രകാരം 81 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമം പാലിക്കാതെ 08 ഗുണഭോക്താക്കൾക്ക് 8,000/- രൂപ വീതം സബ്സിഡി നൽകിയതായി ബോധ്യപ്പെട്ടിട്ടുണ്ട്. സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്തൃ പട്ടിക പ്രകാരം ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് |
|---|---|---|
| 01 | 02 | സാവിത്രി അമ്മ, അരിയളം<br>(വാർഡ് നമ്പർ - 02 ) |
| 02 | 03 | ഗംഗാധരൻ കെ, കുയ്യങ്ങാട്<br>(വാർഡ് നമ്പർ - 04 ) |
| 03 | 08 | ജിജി കെ വി,<br>കളരിക്കൽ ഹൗസ്, തൊട്ടിയിൽ<br>(വാർഡ് നമ്പർ - 09 ) |
| 04 | 10 | ലില്ലി തോമസ്, പാഴ്ക്കുന്നേൽ |

| | | |
|---|---|---|
| | | (വാർഡ് നമ്പർ - 11 ) |
| 05 | 16 | സക്കറിയ മാത്യു, മണ്ണഞ്ചേരി (വാർഡ് നമ്പർ - 17 ) |
| 06 | 18 | അനിൽ കുമാർ എം, ചുണ്ണംകുളം (വാർഡ് നമ്പർ - 19 ) |
| 07 | 24 | മേരി കുരുവിള, കുന്നുംവയൽ (വാർഡ് നമ്പർ - 07 ) |
| 08 | 25 | എൽവിസ് എം ബേബി, കൊളങ്ങരടി (വാർഡ് നമ്പർ - 08 ) |

മുൻഗണനാ ക്രമം പരിഗണിക്കാതെ ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നമ്പർ 25 വരെയുള്ള ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയതിന്റെ കാരണം വ്യക്തമല്ല. മീൻതോട്ടം/സബ്സിഡി ആവശ്യമില്ല എന്നറിയിച്ചു കൊണ്ടുള്ള സമ്മതപത്രം മറ്റു ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാക്കിയിട്ടുമില്ല. ഗ്രാമസഭകൾ മുഖാന്തിരം ലഭിച്ച അപേക്ഷകൾ വിശദമായ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി ഭരണസമിതി അംഗീകാരം നൽകേണ്ടത്. ഇത്തരത്തിൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമം പാലിക്കാതെ ആനുകൂല്യങ്ങൾ നൽകിയത് ജനകീയാസൂത്രണത്തിന്റെ അന്തസത്തയ്ക്ക് യോജിക്കാത്ത നടപടിയാണ് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

28.05.2022 ലെ സ.ഉ. (കൈ) നം.115/2022/തസ്വഭവ ഉത്തരവ് പ്രകാരം അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി നിലവിലുള്ള നിബന്ധനകൾ പാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണമെന്ന സർക്കാർ നിർദ്ദേശമോ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 02.10.1997 ലെ ജി.ഒ.(പി) നം.220/97/LAD നമ്പർ ഉത്തരവ്, ത.സ്വ.ഭ.വ(ഡി പി) വകുപ്പിന്റെ 08.03.2004 ലെ 54017/ഡിപി1/2003/തസ്വഭവ, 28.12.2006 ലെ 51545/ ഡിപി3/2006/തസ്വഭവ നമ്പർ സർക്കുലറുകൾ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ചതായോ കാണുന്നില്ല.

ഗുണഭോക്താക്കൾക്ക് ആവശ്യമായ മത്സ്യ വിത്ത് ഫിഷറീസ് വകുപ്പിൽ നിന്നും സൗജന്യമായി ലഭ്യമാക്കേണ്ടതാണെന്ന് 28.05.2022 ലെ സ.ഉ.(കൈ) നം.115/2022/തസ്വഭവ ഉത്തരവ് പ്രകാരം നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയ്യതി വരെ ഗുണഭോക്താക്കൾക്ക് മത്സ്യങ്ങളെ വിതരണം ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ മീൻതോട്ടങ്ങൾ നിർമ്മിച്ച് എട്ട് മാസത്തിലേറെ ആയിട്ടും മത്സ്യകൃഷി ആരംഭിക്കാൻ സാധിച്ചിട്ടില്ല. സബ്സിഡി അനുവദിച്ച മീൻതോട്ടങ്ങളിൽ കൃഷി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് പദ്ധതി ഫലപ്രാപ്തിയിൽ എത്തിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ ചെലവ് തുകയായ 64,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 16 / 30.07.2024)

## 1-24 പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ ഒരേ പത്രം മാത്രം വിതരണം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 79/24 |
| പ്രോജക്ടിന്റെ പേര് | സ്കൂൾ വായനശാല ക്ലബ് - പത്രം, ബാല പ്രസിദ്ധീകരണം |
| വകയിരുത്തൽ | തനത് ഫണ്ട് 2,00,000/- |
| ഓർഡർ നമ്പർ & തുക | 465/21.03.2024 2,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവൺമെന്റ് യു പി |

| | |
|---|---|
| | സ്കൂൾ |

വായനശീലം പ്രോത്സാഹിപ്പിക്കുക, നല്ല തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച മേൽ പ്രോജക്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിലെ സ്കൂളുകൾക്കും ക്ലബുകൾക്കും ദിനപത്രം വിതരണം ചെയ്തതിന് ദേശാഭിമാനി, കണ്ണൂർ എന്ന സ്ഥാപനത്തിന് 2,00,000/- രൂപ കൈമാറിയിട്ടുണ്ട്. പത്രം വിതരണം ചെയ്ത സ്കൂളുകളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | സ്കൂൾ | ലഭിച്ച പത്രത്തിന്റെ എണ്ണം |
|---|---|---|
| 1 | ജി യു പി എസ്, പനങ്ങാട് | 03 |
| 2 | ജി എൽ പി എസ്, അട്ടക്കണ്ടം | 04 |
| 3 | എസ് എ എൽ പി എസ്, പനങ്ങാട് | 04 |
| 4 | ജി ഡബ്ലു എൽ പി എസ്, നായ്ക്കയം | 04 |
| 5 | ജി എച്ച് എസ് എസ്, അട്ടേങ്ങാനം | 10 |
| 6 | ജി എച്ച് എസ്, ബാനം | 12 |
| 7 | ജി യു പി എസ്, ബേളൂർ | 14 |
| 8 | ജി എച്ച് എസ് എസ്, തായ്യന്നൂർ | 24 |
| 9 | ജി എച്ച് എസ്, കാലിച്ചാനടുക്കം | 29 |
| 10 | ഡോ. എ ജി എച്ച് എസ് എസ്, കോടോത്ത് | 48 |
| | **ആകെ** | **152** |

മേൽ പട്ടികയിലെ സ്കൂളുകളിൽ പത്രം ലഭ്യമായിട്ടുണ്ടെന്ന് അറിയിച്ചു കൊണ്ടുള്ള അതത് സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. പ്രസ്തുത സ്കൂളുകൾക്ക് പത്രം വിതരണം ചെയ്യാൻ അനുമതി നൽകിയ ഭരണസമിതി തീരുമാനവും ലഭ്യമാക്കിയിട്ടില്ല. ഒരു സ്കൂളിൽ ശരാശരി 15 പത്രം വീതം വിതരണം ചെയ്തതായാണ് മേൽ പട്ടികയിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. മിക്ക സ്കൂളുകളിലും പത്തിലധികം പത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളിൽ വായനാശീലം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ട് കൊണ്ട് വിഭാവനം ചെയ്ത മേൽ പദ്ധതിയിൽ ഒരേ പത്രം തന്നെ വിതരണം ചെയ്യാതെ കുട്ടികളുടെ ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ ഇംഗ്ലീഷ് പത്രങ്ങൾ ഉൾപ്പെടെയുള്ള വിവിധ പത്രങ്ങൾ വിതരണം ചെയ്ത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 17/30.07.2024)

## 1-25 കോടോത്ത് ആർട്സ് അക്കാദമിക്ക് വിഹിതം നൽകൽ - തുക ബാങ്ക് അക്കൗണ്ട് വഴി കൈമാറിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 86/24 |
| പ്രോജക്ടിന്റെ പേര് | കോടോത്ത് ആർട്സ് അക്കാദമിക്ക് വിഹിതം നൽകൽ |
| വകയിരുത്തൽ | തനത് ഫണ്ട് 2,00,000/- |

| | |
|---|---|
| ഓർഡർ നമ്പർ & തുക | 449/18.03.2024 തുക 96,580/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവൺമെന്റ് യു.പി സ്കൂൾ |

കലാ സാംസ്കാരിക രംഗത്ത് മികച്ച പരിശീലനവും നാടകകല പ്രോത്സാഹനവും ലക്ഷ്യമിട്ടു കൊണ്ട് വിഭാവനം ചെയ്ത മേൽ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി കുട്ടികൾക്ക് നാടക പരിശീലനം നൽകിയതിന് പരിശീലകർക്ക് യാത്രബത്ത/ഹോണറേറിയം, ക്ലാസിൽ പങ്കെടുത്തവർക്ക് ഭക്ഷണം എന്നീയിനങ്ങളിൽ 96,580/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയും കൈമാറിയിട്ടുള്ളത് ശ്രീ രമേശൻ.പി എന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് (അക്കൗണ്ട് നം. 110001000007190 ഐ ഒ ബി). ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പ്രസ്തുത നാടക അക്കാദമിയുടെ കൺവീനറുടെ അക്കൗണ്ട് നമ്പറാണിതെന്നാണ് മറുപടി നൽകിയത്. മുഴുവൻ തുകയും കൺവീനറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് പ്രസ്തുത തുകകൾ യാത്രബത്ത,ഹോണറേറിയം,ഭക്ഷണ ചെലവുകൾക്ക് പണമായി വിതരണം ചെയ്യുകയാണ് ഉണ്ടായത്. GO(p) No.177/2006/Fin Dtd 12.04.2006 പ്രകാരം 1,000/- രൂപയിൽ അധികരിക്കുന്ന തുകകൾ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ കൈമാറാൻ പാടുള്ളു എന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണിത്. പദ്ധതി നടത്തിപ്പിലെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് ബാങ്ക് അക്കൗണ്ട് വഴി തന്നെ തുകകൾ നൽകേണ്ടതാണ്. തുക കൈമാറിയതിന് കൈപ്പറ്റ് രശീതികൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ തന്നെയാണ് പരിശീലകൾക്ക് യാത്രബത്ത/ഹോണറേറിയം ഇനത്തിൽ ലഭിച്ചതെന്ന് അന്വേഷണം നടത്തി ഉറപ്പ് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 17/30.07.2024)

## 1-26 ലൈഫ് ഭവന പദ്ധതി-വീട് നിർമ്മാണം പൂർത്തീകരിച്ചില്ല.

മുൻവർഷങ്ങളിൽ ലൈഫ് ഭവന പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട് ധനസഹായം കൈപ്പറ്റിയ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | നാളിതു വരെയായി കൈപ്പറ്റിയ തുക | കരാർ ചമച്ച തീയ്യതി/ ആദ്യം തുക നൽകിയ തീയ്യതി | വീടിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | കെ വി കുഞ്ഞികണ്ണൻ, കാലിച്ചാനടുക്കം (വാർഡ് നം.XII) | 6,00,000 (എസ് ടി വിഭാഗം) | 3,20,000 | 10.08.2021 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 02 | കൃഷ്ണൻ, കാലിച്ചാനടുക്കം (വാർഡ് നം.XIII) | 6,00,000 (എസ് ടി വിഭാഗം) | 3,70,000 | 10.08.2021 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 03 | അമ്പിളി, പൊന്നത്ത്, തായ്യന്നൂർ (വാർഡ് നം.XV) | 6,00,000 (എസ് ടി വിഭാഗം) | 90,000 | 08.10.2021 | മുൻകൂർ തുക കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 04 | ഉഷാ റാണി, കുറ്റിയടുക്കം,തായ്യന്നൂർ (വാർഡ് നം.XV) | 6,00,000 (എസ് ടി വിഭാഗം) | 3,40,000 | 08.10.2021 | ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു. |
| 05 | രാധിക കെ ബി, എണ്ണപ്പാറ, തായ്യന്നൂർ | 6,00,000 (എസ് ടി വിഭാഗം) | 3,20,000 | 08.10.2021 | ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു. |

| | | | | | |
|---|---|---|---|---|---|
| | (വാർഡ് നം.XVI) | | | | |
| 06 | ബീന കുമാരി, കല്ലുവളപ്പ്, പറക്കളായ് (വാർഡ് നം.XVII) | 6,00,000 (എസ് ടി വിഭാഗം) | 3,30,000 | 08.10.2021 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 07 | മാണിക്കം, ഉരുട്ടികുന്ന്, എണ്ണപ്പാറ (വാർഡ് നം.XVI) | 6,00,000 (എസ് ടി വിഭാഗം) | 3,20,000 | 25.11.2022 | ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു. |
| 08 | മനോജ് എം, മണിയറ,നായിക്കയം (വാർഡ് നം.IX) | 6,00,000 (എസ് ടി വിഭാഗം) | 2,00,000 | 14.02.2022 | ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു. |
| 09 | സുനിൽ കുമാർ, പടുതല(H), കാലിച്ചാനടുക്കം (വാർഡ് നം.XII) | 4,00,000 (എസ് സി വിഭാഗം) | 45,000 | 17.12.2021 | മുൻകൂർ തുക കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 10 | രാഘവൻ കെ, തായ്യന്നൂർ (വാർഡ് നം.XVII) | 6,00,000 (എസ് ടി വിഭാഗം) | 60,000 | 24.05.2023 | മുൻകൂർ തുക കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 11 | കാരിച്ചി കെ, കല്ലുവളപ്പ്,തായ്യന്നൂർ (വാർഡ് നം.XVII) | 6,00,000 (എസ് ടി വിഭാഗം) | 60,000 | 22.03.2023 | മുൻകൂർ തുക കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 12 | കാരിച്ചി, ഓലക്കര,പടിമരുത് (വാർഡ് നം.IV) | 6,00,000 (എസ് ടി വിഭാഗം) | 40,000 | 19.08.2021 | മുൻകൂർ തുക കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 13 | ശ്രീകുമാർ, മുണ്ടോട്ട് (വാർഡ് നം.XVIII) | 6,00,000 (എസ് ടി വിഭാഗം) | 1,90,000 | 25.09.2021 | തറ നിർമ്മാണം പൂർത്തീകരിച്ചു. |
| 14 | ശാലിനി ബിനു, നമ്പ്യാർകൊച്ചി (വാർഡ് നം.IX) | 6,00,000 (എസ് ടി വിഭാഗം) | 2,80,000 | 03.07.2020 | ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു. |
| 15 | രോഹിണി ബി W/O രാജൻ, കൂരാന്തോടി,ബെള്ളൂർ (വാർഡ് നം.XVIII) | 6,00,000 (എസ് ടി വിഭാഗം) | 5,00,000 | 30.08.2018 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 16 | നാരായണി പി W/O നാരായണൻ, പാണാംകോട്,കോടോം (വാർഡ് നം.IV) | 6,00,000 (എസ് ടി വിഭാഗം) | 5,00,000 | 27.07.2018 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 17 | കുമ്പ, ചൂളിയാൻ വളപ്പ്, ബേളൂർ (വാർഡ് നം.XVIII) | 6,00,000 (എസ് ടി വിഭാഗം) | 5,00,000 | 27.07.2018 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 18 | ചിറ്റ കെ, W/ 0കരിന്തളൻ,തായംകട (വാർഡ് നം.XVIII) | 6,00,000 (എസ് ടി വിഭാഗം) | 5,00,000 | 24.09.2018 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |

| | | | | | |
|---|---|---|---|---|---|
| 19 | കാരിച്ചി, ഏരംകോടൽ,കോടോം (വാർഡ് നം.IV) | 6,00,000 (എസ് ടി വിഭാഗം) | 5,00,000 | 08.11.2018 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 20 | ചിന്നമ്മ തോമസ്, തെക്കേവാതിക്കോട്(H), കുഞ്ഞികൊച്ചി (വാർഡ് നം.VIII) | 4,00,000 (ജനറൽ) | 40,000 | 22.05.2023 | മുൻകൂർ തുക കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല. |

കരാർ വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ലഭിച്ച ധനസഹായം 12% പലിശ നിരക്കിൽ തിരികെ നൽകുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥനുമായി ചമച്ച കരാറിൽ ഗുണഭോക്താക്കൾ സമ്മതിച്ചിട്ടുണ്ട്. ധനസഹായം കൈപ്പറ്റിയിട്ടും നാളിതു വരെയും പൂർത്തീകരിക്കാത്ത മേൽപട്ടികയിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ ലംഘനത്തിന് ഗുണഭോക്താക്കൾക്കെതിരെ നടപടികൾ സ്വീകരിച്ച് തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 ഐ ഇ സി ബോർഡ് സ്ഥാപിക്കൽ - ചെയ്യാത്ത ഇനത്തിന് തുക നൽകി.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 330/24 |
| പ്രോജക്ടിന്റെ പേര് | ഐ.ഇ.സി ബോർഡ് സ്ഥാപിക്കൽ |
| വകയിരുത്തൽ | കേന്ദ്രാവിഷ്കൃത ഫണ്ട് 1,00,000/- |
| ഓർഡർ നമ്പർ & തുക | 460/20.03.2024 തുക 82,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തായന്നൂർ സർക്കിൾ) |

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ശുചിത്വ സന്ദേശം എഴുതിയ ബോർഡുകൾ സ്ഥാപിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്ത മേൽ പദ്ധതിയുടെ നടത്തിപ്പിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (10,275/-) കോട്ട് ചെയ്ത RBM Associates ,ചാലോട്, കണ്ണൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 29.09.2023 ലെ ഭരണസമിതി തീരുമാനം നം.01 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ 16.02.2024 ലെ ഇൻവോയിസ് നം.02 ന്റെ അടിസ്ഥാനത്തിൽ 8 ഐ.ഇ.സി ബോർഡുകൾ സ്ഥാപിച്ചതിന് 82,000/- രൂപ നൽകിയിട്ടുണ്ട്(അക്കൗണ്ട് നം.372665389171 -എസ്.ബി.ഐ). അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നൽകിയ 18.03.2024 ലെ മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരം 10,566/- രൂപയാണ് ഒരു ഐ.ഇ.സി ബോർഡിന് ചെലവ് വന്നതായി കാണിച്ചിരിക്കുന്നത്. എന്നാൽ എട്ടാം വാർഡിലെ കുഞ്ഞികൊച്ചിയിൽ സ്ഥാപിച്ച പ്രസ്തുത ബോർഡുകളിലൊന്നിൽ പരിശോധന നടത്തിയപ്പോൾ എസ്റ്റിമേറ്റിൽ 2,730/- രൂപ കണക്കാക്കിയ ക്രമ നമ്പർ 07 (കോഡ് നം.13.71) 'Lettering With Black Japan Paint Of Approved Brand And Manufacture' എന്നയിനം ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിന് പകരം Vinyl Print ആണ് ചെയ്തിരിക്കുന്നത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.18/30.07.2024). ആയിരം രൂപയിൽ താഴെമാത്രം ചെലവ് വരുന്ന Vinyl Print ന് പകരം 8 ഐ.ഇ.സി ബോർഡുകൾക്കും എസ്റ്റിമേറ്റിൽ 2,730/- രൂപ കണക്കാക്കിയ ക്രമ നമ്പർ 07 ഇനം പ്രകാരം തുക നൽകിയ വിഷയത്തിൻമേൽ അന്വേഷണം നടത്തി നഷ്ടതുക കൃത്യമായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അത് വരെ ചെലവ് തുകയായ 82,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-28 സർക്കാർ സ്ഥാപനങ്ങളിൽ മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തൽ - ബയോകംപോസ്റ്റർ ബിൻ മുഴുവനും വിതരണം ചെയ്തില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 342/24 |
| പ്രോജക്ടിന്റെ പേര് | ഘടകസ്ഥാപനങ്ങളിലും സ്കൂളുകളിലും അംഗൺവാടികളിലും മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തൽ |
| വകയിരുത്തൽ | കേന്ദ്രാവിഷ്കൃത ഫണ്ട് 1,40,000/- |
| | തനത് ഫണ്ട് 60,000/- |
| ഓർഡർ നമ്പർ & തുക | 376/14.02.2024 1,30,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തായന്നൂർ സർക്കിൾ) |

പഞ്ചായത്ത് പരിധിയിലുള്ള സർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ, അംഗണവാടികൾ, പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങൾ എന്നിവയ്ക്ക് മാലിന്യ സംസ്ക്കരണത്തിന് ബയോകംപോസ്റ്റർ ബിൻ സ്ഥാപിക്കുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്റ്റ് വിഭാവനം ചെയ്തത്. മേൽ പദ്ധതിയുടെ നടത്തിപ്പിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (1300/-) കോട്ട് ചെയ്ത റെയ്ഡ്കോ,കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 29.09.2023 ലെ ഭരണസമിതി തീരുമാനം നം.02 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് റെയ്ഡ്കോ ലഭ്യമാക്കിയ 24.01.2024 ലെ KHD/839/2023-24 നം. ഇൻവോയിസ് പ്രകാരം 100 ബയോകംപോസ്റ്റർ ബിൻ ലഭ്യമാക്കിയതിന് 1,30,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം 85 സ്ഥാപനങ്ങളിൽ മാത്രമേ ബിൻ വിതരണം ചെയ്തിട്ടുള്ളു. അവശേഷിക്കുന്ന 15 ബിന്നുകൾ പഞ്ചായത്ത് ഓഫീസിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായും കാണാൻ സാധിച്ചു. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും വിതരണം ചെയ്തിട്ടും 15 ബിന്നുകൾ ബാക്കി വന്നത് പദ്ധതി രൂപീകരണ സമയത്ത് കൃത്യമായ പഠനമോ വിലയിരുത്തലുകളോ ഇല്ലാത്തത് കൊണ്ടാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. പ്രസ്തുത ബിന്നുകൾ പഞ്ചായത്ത് കാര്യാലയത്തിൽ തന്നെ സൂക്ഷിച്ച് വച്ചിരുന്നാൽ നശിച്ചു പോകാൻ സാധ്യതയുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അതുവരെ ചെലവ് തുകയായ 19,500/- (1300x15) രൂപ തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.18/30.07.2024)

## 1-29 ജി ബിൻ മൾട്ടിലെയർ കംമ്പോസ്റ്റിംഗ് സിസ്റ്റം - വിതരണ വിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 135/24 |
| പ്രോജക്ടിന്റെ പേര് | ജി ബിൻ മൾട്ടിലെയർ കംമ്പോസ്റ്റിംഗ് സിസ്റ്റം |
| വകയിരുത്തൽ | ധനകാര്യ കമ്മീഷൻ അവാർഡ് 4,77,300/- |
| | തനത് ഫണ്ട് 23,388/- |
| | മറ്റുള്ളവ 55,632/- |
| ഓർഡർ നമ്പർ & തുക | 567/27.03.2024 തുക 4,77,300/- |
| | 569/27.03.2024 തുക 11,168/- |
| | 590/27.03.2024 തുക 54,750/- |
| | ആകെ 5,43,218/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

| | |
|---|---|
| | (ബേളൂർ സർക്കിൾ) |

മാലിന്യങ്ങൾ ജൈവവളമാക്കുന്നതിന് വേണ്ടി ഔഡ് ഡോറിൽ സൂക്ഷിക്കാൻ സാധിക്കുന്ന തരത്തിലുള്ള ബിൻ വാങ്ങി നൽകുന്നതിന് വേണ്ടി വിഭാവനം ചെയ്ത മേൽ പ്രോജക്റ്റിന്റെ നടത്തിപ്പിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക്(3,650/-) കോട്ട് ചെയ്ത Foab Solutions Private Limited,Kottayam എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 25.11.2023 ലെ ഭരണസമിതി തീരുമാനം നം.6/1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് സ്ഥാപനം ലഭ്യമാക്കിയ 02.03.2024 ലെ B2B-0213 ഇൻവോയിസ് പ്രകാരം 152 ജി ബിൻ ലഭ്യമാക്കിയതിന് 5,43,218/- രൂപ നൽകിയിട്ടുണ്ട്. സ്ഥാപനം ഹാജരാക്കിയ ഇൻവോയിസ് പ്രകാരം 5,54,800/- രൂപയാണ് നൽകേണ്ടിയിരുന്നത്(3650x152). അവശേഷിച്ച തുക നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ആകെയുള്ള 152 ഗുണഭോക്താക്കളിൽ 150 പേർ മാത്രമേ ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ളു (365/-രൂപ വീതം). ഗുണഭോക്തൃ വിഹിതം അടവാക്കാത്തതിനാൽ രണ്ട് ജി ബിന്നുകൾ വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. അവശേഷിക്കുന്ന 150 ജി ബിന്നുകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടുമില്ല . 150 ജി ബിന്നുകൾ വാർഡ് മെമ്പർമാർക്ക് കൈമാറി അവരുടെ കൈപ്പറ്റ് രശീതി വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അന്തിമ ഗുണഭോക്താക്കൾ ആയത് കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല . ഇക്കാരണത്താൽ ജി ബിന്നുകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന കാര്യം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. അവശേഷിക്കുന്ന രണ്ട് ജി ബിന്നുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റ് രശീതി വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.18/30.07.2024)

## 1-30 ലൈഫ് ഭവന പദ്ധതി - അർഹതയില്ലാത്ത ഗുണഭോക്താവിന് ധനസഹായം നൽകി.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 139/24 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന പദ്ധതി - എസ്.ടി 2023-24 |
| വകയിരുത്തൽ | വികസന ഫണ്ട് (ടി.എസ്.പി) 15,00,000/- |
| | സംസ്ഥാനാവിഷ്കൃത ഫണ്ട് 3,00,00,000/- |
| | ബ്ലോക്ക് പഞ്ചായത്ത് 50,00,000/- |
| | ജില്ലാ പഞ്ചായത്ത് 50,00,000/- |
| | മറ്റുള്ളവ 1,85,00,000/- |
| ചെലവ് തുക | 35,22,325/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബേളൂർ സർക്കിൾ) |

മേൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ചാർത്തൻ,വേട്ടുവങ്ങാനം (H), പറക്കളായി (വാർഡ് നം.I) എന്ന ഗുണഭോക്താവിന് 11/22.05.2023 ഓർഡർ നമ്പർ പ്രകാരം 60,000/- രൂപ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും അഡ്വാൻസായി നൽകിയിട്ടുണ്ട്(അക്കൗണ്ട് നം.404337100010925 ഗ്രാമീൺബാങ്ക്, അമ്പലത്തറ ബ്രാഞ്ച്). ഗുണഭോക്താവ് പ്രസ്തുത തുക ഉപയോഗിച്ച് തറ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താവിന് വാസയോഗ്യമായ മറ്റൊരു വീടുണ്ടെന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ അന്വേഷണം നടത്തുകയും നിലവിൽ വാസയോഗ്യമായ വീട് ഉള്ളതായി ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 20.09.2023 തീയ്യതിയിലെ ഭരണസമിതി തീരുമാന നമ്പർ 01 പ്രകാരം (ഫയൽ നം.Sc1-7358/23) ഗുണഭോക്താവിന്റെ അർഹത സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങളെ ചുമതലപ്പെടുത്തിയിരുന്നു . എന്നാൽ പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാക്കാൻ

ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.18/30.07.2024).

തെറ്റായ രേഖകൾ സമർപ്പിച്ച് സർക്കാർ ആനുകൂല്യം നേടിയെടുക്കാൻ പ്രസ്തുത വ്യക്തി ശ്രമിക്കുകയാണ് എന്ന് ബോധ്യപ്പെട്ടതിനാൽ ഗുണഭോക്താവ് കൈപ്പറ്റിയ ധനസഹായം പലിശ സഹിതം തിരികെ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടവാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 31.05.2024 തീയ്യതിയിൽ ഗുണഭോക്താവിന് നിർവ്വഹണോദ്യോഗസ്ഥൻ റജിസ്റ്റേർഡ് കത്ത് അയച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെയായി തുക തിരികെ അടവാക്കിയിട്ടില്ല.

17.01.2023 തീയ്യതിയിൽ നിർവ്വഹണോദ്യോഗസ്ഥനുമായി ചമച്ച കരാറിൽ വ്യാജരേഖകൾ ഹാജരാക്കിയോ തെറ്റിദ്ധരിപ്പിച്ചോ ഗുണഭോക്തൃ പട്ടികയിൽ കടന്നു കൂടി അനർഹൻ എന്ന് തെളിയുന്ന പക്ഷം ഗുണഭോക്തൃ പട്ടികയിൽ നിന്നും തന്നെ ഒഴിവാക്കാവുന്നതാണെന്നും അങ്ങനെ സംഭവിക്കുന്ന പക്ഷം കൈപ്പറ്റിയിട്ടുള്ള മുഴുവൻ തുകയും12% പലിശ സഹിതം തിരിച്ചടക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. ഗുണഭോക്താവിനെതിരെ കരാർ ലംഘനത്തിന് നടപടികൾ സ്വീകരിച്ച് തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. നൽകിയ 60,000/- രൂപ അതുവരെ തടസ്സത്തിൽ വയ്ക്കുന്നു.

## **1-31 ഹരിതകർമ്മ സേന ഗ്രൂപ്പിന് സ്വയംതൊഴിൽ സംരംഭം - വെവ്വേറെ സബ്സിഡി കൈപ്പറ്റിയിട്ടും ഒറ്റ സംരംഭമായി പ്രവർത്തിക്കുന്നു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 297/24 |
| പ്രോജക്ടിന്റെ പേര് | ഹരിതകർമ്മ സേന ഗ്രൂപ്പിന് സ്വയംതൊഴിൽ സംരംഭം |
| വകയിരുത്തൽ | വികസന ഫണ്ട് (സാധാ) 7,50,000/- |
| | മറ്റുള്ളവ 10,00,000/- |
| ചെലവ് തുക | 7,50,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തായ്യന്നൂർ സർക്കിൾ) |

ഹരിതകർമ്മ സേനയുടെ പ്രവർത്തന മാർഗരേഖ സംബന്ധിച്ച സർക്കാർ ഉത്തരവ് (സാധാ)നം.1496/2020/തസ്വഭവ തീയ്യതി.12.08.2020 പ്രകാരം നിലവിൽ ഹരിതകർമ്മ സേന ചെയ്തു വരുന്ന പ്രവർത്തനങ്ങൾക്ക് പുറമേ മറ്റ് പ്രവർത്തനങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഏറ്റെടുക്കാവുന്നതാണെന്നും അത്തരം സംരംഭങ്ങൾ കൺസോർഷ്യത്തിന് തീരുമാനിക്കാമെന്നും പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം കൺസോർഷ്യത്തിലെ ഹരിതം, ഹരിത എന്നീ രണ്ട് ഗ്രൂപ്പുകൾഇവന്റ് മാനേജ്മെന്റ് മേഖലയിൽ ഡിന്നർസെറ്റ് സംരംഭം തുടങ്ങുന്നതിന് തീരുമാനിക്കുകയും സബ്സിഡി മാർഗരേഖയിലെ നിബന്ധനകൾക്കനുസരിച്ച് 5,00,000/- രൂപ വീതം ബാങ്ക് വായ്പ എടുത്ത് താഴെക്കൊടുത്തിരിക്കും വിധം സബ്സിഡി കൈപ്പറ്റുകയും ചെയ്തു.

| ഗ്രൂപ്പിന്റെ പേര് | ലഭിച്ച സബ്സിഡി | ബാങ്ക് അക്കൗണ്ട് നമ്പർ | ട്രഷറി ബിൽ നമ്പർ |
|---|---|---|---|
| ഹരിതം | 3,75,000 | 178112801200205 കേരള ബാങ്ക്,അമ്പലത്തറ | 2320095200800155831З തീയ്യതി.26.03.2024 |
| ഹരിത | 3,75,000 | 178112801200223 കേരള ബാങ്ക്,അമ്പലത്തറ | 23200952008001558321 തീയ്യതി.26.03.2024 |

മേൽ പട്ടികയിൽ കൊടുത്തിരിക്കും വിധം രണ്ട് ഗ്രൂപ്പുകൾക്കും വെവ്വേറെ സബ്സിഡി അനുവദിച്ചെങ്കിലും രണ്ട് ഗ്രൂപ്പുകളുടേയും സാമഗ്രികൾ ഒന്നാകെ പോർക്കളം എന്ന

സ്ഥലത്തുള്ള വാടകകെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്നതായാണ് കാണാൻ സാധിച്ചത്. രണ്ട് ഗ്രൂപ്പുകൾക്കും വെവ്വേറെ സബ്സിഡി അനുവദിച്ചിട്ടുണ്ടെങ്കിലും ഒറ്റ സംരംഭം എന്ന രീതിയിൽ പ്രവർത്തനം തുടരുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.18/30.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ നൽകിയ സബ്സിഡി തുകയായ 7,50,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-32 മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ - ഒരേ ഉദ്ദേശ്യത്തിന് രണ്ട് തരം വാങ്ങലുകൾ - അധിക ചെലവ്.

പഞ്ചായത്ത് പരിധിയിൽ മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ താഴെക്കൊടുത്തിരിക്കുന്ന പദ്ധതികൾ മുഖേന ബയോകംപോസ്റ്റർ ബിൻ, ജി ബിൻ മൾട്ടിലെയർ കംമ്പോസ്റ്റിംഗ് സിസ്റ്റം എന്നിവ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.

| | പ്രോജക്ട് നമ്പർ | ചെലവ് തുക | വാങ്ങിയ എണ്ണം | യൂണിറ്റ് കോസ്റ്റ് |
|---|---|---|---|---|
| ബയോകംപോസ്റ്റർ ബിൻ | 342/24 | 1,30,000/- | 100 | 1,300/- |
| ജി ബിൻ മൾട്ടിലെയർ കംമ്പോസ്റ്റിംഗ് സിസ്റ്റം | 135/24 | 5,43,218/- | 152 | 3,650/- |

ഘടകസ്ഥാപനങ്ങളിലും സ്കൂളുകളിലും അംഗൺവാടികളിലും വിതരണം ചെയ്യുന്നതിനായാണ് ബയോകംപോസ്റ്റർ ബിൻ വാങ്ങിയതെങ്കിൽ പഞ്ചായത്ത് പരിധിയിലെ വിവിധ വീടുകളിൽ വിതരണം ചെയ്യുന്നതിനാണ് ജി ബിൻ മൾട്ടിലെയർ കംമ്പോസ്റ്റിംഗ് സിസ്റ്റം വാങ്ങിയത്. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.09.2022 ലെ 2869/C2/2016/SM നമ്പർ നടപടിക്രമം പ്രകാരമുള്ള മേൽ സാമഗ്രികളുടെ സ്പെസിഫിക്കേഷൻ താഴെക്കൊടുക്കുന്നു.

| ബയോകംപോസ്റ്റർ ബിൻ (3 Layer) | ജി ബിൻ മൾട്ടിലെയർ കംമ്പോസ്റ്റിംഗ് സിസ്റ്റം (2 Layer) |
|---|---|
| Three PPCP(Polypropylene Co-Polimer) Bins Of 2.5–3 Mm Guage, 32 Cm Height,35 Cm Upper Dia,And 27 Cm Bottom Dia,22 Ltr Capacity With 1-2 Mm Dia Holes Provided All Round For Ventilation. | 29 Litre Capacity Poly Propylene Co-Polymer(PPCP) Bins(2 Nos),Each Bin Have An Inner Digester And An Outer Covering Bin In Cylindrical Shape, Each With A Base Ring Having The Facility To Collect Leachate And Filter Plate. The Bin Has A Top Lid Having Aeration Facility And An Upper Ring To Hold The Top Lid For Treating 1.5 Kg Waste Per Day. |
| The Bins Contain 3 PPCP Lids Of 3 Mm Guage, 40 Cm Dia Duly Having Centre Hole Of 22 Cm Dia, Fit For Holding The Upper One And Covering The Bottom Bin | One Lid For Covering The Top Most Bins Is Provided. |
| The Upper Most Covering Lid Should Contain A Removable Hot Air Ventilation Mouth Of 2 Cm Height, 30.5 Cm Diameter Fitted At 31 Cm Diameter Centre Hall With A Fully Ventilated Hot Air Cap With Handle. | Each Bin Has Two Parts. Inner Digester And Outer Covering Bin As Protective System Which Helps To Prevent Entering Of Flies And Insects Into The Digester. |
| PPCP Tray Of 2.5 Cm Height And 27 Cm Dia Provided At The Bottom Most Portion For Leachate Collection. | Filter Plates Are Fixed At The Bottom Of The Digester For Easy Drain Of Leachate. |
| One Block Of Microbes Enriched Inoculum As A Starter Kit For Water | Base Rings Are Provided For Holding The Upper Bin And Helps To Hold The Leachate |

| | |
|---|---|
| Absorption. | Tray And One Top Ring For Fixing The Lid. |
| Three PPCP Bins Of 22 Ltr Capacity.<br>Three Lids For Holding The Upper Bin Duly Meant For Covering The Bottom Bin.<br>One Top Most Lid Has A Hot Ait Ventilation Mouth For Ensuring The Air Circulation.<br>A Leachate Collection Tray At The Bottom Of Most Portions.<br>One Block Of Microbes Enriched Inoculum As A Starter Kit For Water Absorption. | 2 Nos Of Inner Digester Bin Set, Diameter – 331 Mm Dia, 335 Mm Height, 2.4 Mm Guage. It Is 29 Litre In Capacity And And Has 2 Mm Dia Holes All Around For Ventilation.<br>1 Number Of To Ring Is Having 384 Mm Dia, 51 Mm Height And 2.75 Mm Thickness For Fixing The Top Lid.<br>2 Numbers Of Base Rings Are Having 2.75 Mm Guage And 378.17 Mm Dia. This Base Has Got The Facility To Hold Approximately 2 To 3 Litres Of Leachate In It And Also This Ring Helpds To Hold The Upper Bin.<br>The Bins Contain A Lid 418 Mm Dia, 112 Mm Height, 2.6 Mm Thickness And 2 Mm Dia Holes Are Provided At 65 Mm Width All Round For Ventilation Of Hot Air.<br>Each Inner & Outer Bins Are Vertically Divided Into Halves. Inner Bin Is Assembled With 6 Plug Buttons, And The Outer Bin With 10 Plug Buttons.<br>Filter Plates 320 Mm Dia, 2.4 Mm Thickness And The Central Portion 15 Mm Dia With 3 Mm Dia Holes For Easy Drain Of Leachate.<br>Microbes Enriched Coco Peat(inoculum)for Speedy Composting, Water Absorption And Aeration(starter). |

മാലിന്യ സംസ്കരണത്തിന് സ്ഥലപരിമിതി മൂലം ബുദ്ധിമുട്ട് നേരിടുന്ന ഫ്ലാറ്റ്/കാർട്ടേഴ്സ് പോലുള്ള ഇടങ്ങളിൽ അനുയോജ്യമായവയാണ് മേൽപട്ടികയിൽ പരാമർശിച്ച രണ്ട് സാമഗ്രികളും. എന്നാൽ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രമനുസരിച്ച് മിക്ക വീടുകളിലും ഇത്തരത്തിൽ സ്ഥലപരിമിധി മൂലമുള്ള ബുദ്ധിമുട്ട് ഇല്ലാത്തവയാണ്. ആയതിനാൽ താരതമ്യേന ചെലവ് കുറഞ്ഞതും കൂടുതൽ അളവിലുള്ള മാലിന്യ സംസ്ക്കരണത്തിന് ഉപകാരപ്രദവും യോജിച്ചതുമായ മറ്റ് മാലിന്യസംസ്ക്കരണ രീതികൾ പിൻതുടർന്നാൽ ഈയിനത്തിൽ സാമ്പത്തിക നേട്ടം ഉണ്ടാകുകയും കൂടുതൽ ആൾക്കാരെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാക്കാനും അതുവഴി മാലിന്യ സംസ്ക്കരണം ഫലപ്രദമായി നടപ്പിലാക്കാനും സാധിക്കുമായിരുന്നു എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

മേൽ പരാമർശിച്ച രണ്ട് സാമഗ്രികളും ഒരേയിനം മെറ്റീരിയൽ ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. രണ്ട് സാമഗ്രികൾക്കും ഭക്ഷണമാലിന്യങ്ങൾ ജൈവ വളമാക്കുന്നതിന് Inoculum കൂട്ടിച്ചേർക്കേണ്ടതുണ്ട്. മേൽ പട്ടികയിലെ സ്പെസിഫിക്കേഷൻ പരിശോധിച്ചതിൽ നിന്നും ജി ബിൻ മൾട്ടിലെയർ കംമ്പോസ്റ്റിംഗ് സിസ്റ്റത്തിനേക്കാൾ കൂടുതൽ അളവിൽ ജൈവമാലിന്യം ഉൾക്കൊള്ളുന്നതിന് ബയോകംപോസ്റ്റർ ബിന്നിന് സാധിക്കും എന്നത് വ്യക്തമാണ്. എന്നാൽ ബയോകംപോസ്റ്റർ ബിന്നിനേക്കാൾ മൂന്നിരട്ടിയോളം വില നൽകിയാണ് ജി ബിൻ മൾട്ടിലെയർ കംമ്പോസ്റ്റിംഗ് സിസ്റ്റം വാങ്ങിയിരിക്കുന്നത്. കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യത്തിനാണ് പ്രസ്തുത സാമഗ്രികൾ വാങ്ങിയതെങ്കിൽ പോലും ജി ബിൻ മൾട്ടിലെയർ കംമ്പോസ്റ്റിംഗ് സിസ്റ്റത്തിന് പകരം ബയോകംപോസ്റ്റർ ബിൻ വാങ്ങി വിതരണം ചെയ്തിരുന്നെങ്കിൽ നല്ലൊരു തുക ലാഭിക്കാൻ സാധിക്കുമായിരുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള സാമഗ്രികൾ വാങ്ങുമ്പോൾ കൃത്യമായ പഠനം നടത്തി അധിക സാമ്പത്തിക ബാധ്യത വരുത്താത്ത രീതിയിൽ പദ്ധതികൾ നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുന്നു.

## <u>1-33 വിവിധ പ്രോജക്കുകൾക്ക് മുൻകൂർ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.</u>

2023-24 വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി സെക്രട്ടറി തനത്ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | വൗച്ചർ നം, തിയതി | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | വൈദ്യുതി പോസ്റ്റ് മാറ്റിവക്കൽ @ അട്ടേങ്ങാനം - അട്ടേങ്ങാനം സ്കൂൾ റോഡ് | 22300679/30.11.2023 | 9,783 | KSEB, Rajapuram |
| 2 | വൈദ്യുതി പോസ്റ്റ് മാറ്റിവക്കൽ @ കയ്യങ്ങാട് - എരുമക്കുളം - കോടോത്ത് റോഡ് | 22300843/27.01.2024 | 25,654 | KSEB, Rajapuram |
| 3 | വൈദ്യുതി പോസ്റ്റ് മാറ്റിവക്കൽ @ കുന്നുംവയൽ - പാറക്കല്ല് റോഡ് | 22300998/06.03.2024 | 29,349 | KSEB, Rajapuram |
| 4 | മണ്ണ് പരിശോധന @ കുയ്യങ്ങാട് റോഡ് വികസനം | 22300551/25.10.2023 | 60,000 | Govt.Engineering College, Kannur |
| | ആകെ | | 1,24,786 | |

മുൻകൂർ നൽകിയ മേൽ തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അവ ഹാജരാക്കുന്നതിന് വിധേയമായി 1,24,786/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻകൃയറി - 19 /30.07.2024)

## 1-34 കൈകാര്യ ചെലവ് ലഭ്യമായിട്ടില്ല

ജൂനിയർ ഓഫീസർ മാർക്കറ്റിങ്, കേരള ഫീഡ്സ് ലിമിറ്റഡിന്റെ KFL/KKD/86/2018 തി. 03.01.2024 കത്തിലെ നിബന്ധന 09 പ്രകാരം ഗ്രാമ പഞ്ചായത്തിലെ കാലിത്തീറ്റ വിതരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ, വിതരണം പൂർത്തിയാക്കി തുക പൂർണ്ണമായും കമ്പനിയിൽ (കേരള ഫീഡ്സ് ലിമിറ്റഡ്) ലഭിച്ചു കഴിയുമ്പോൾ, പദ്ധതി നിർവഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, കാലിത്തീറ്റയുടെ ഇറക്ക് കൂലിയും അനുബന്ധ ചെലവുകളും വഹിക്കുന്നതിനായി, ചാക്കൊന്നിന് 30/- രൂപ വീതം കൈകാര്യ ചെലവ് അനുവദിക്കുന്നതാണ്. കൂടാതെ പ്രസ്തുത കത്തിലെ നിബന്ധന 05 പ്രകാരം ഗ്രാമ പഞ്ചായത്തിലെ ധാതുലവണ മിശ്രിതത്തിന്റെ വിതരണ പദ്ധതി പൂർത്തിയാക്കി, തുക പൂർണ്ണമായും കമ്പനിയിൽ (കേരള ഫീഡ്സ് ലിമിറ്റഡ്) ലഭിച്ചു കഴിയുമ്പോൾ, പദ്ധതി നിർവഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, കേരമിൻ ഓർഗാനിക് പായ്ക്കറ്റ് ഒന്നിന് 10/- രൂപ വീതം കൈകാര്യ ചെലവ് അനുവദിക്കുന്നതുമാണ്.

2023-24 വർഷം പഞ്ചായത്തിൽ നടപ്പിലാക്കിയ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം (32/24) പദ്ധതി പ്രകാരം, ചാക്കൊന്നിന് 1,540/- രൂപ വിലയുള്ള കേരള ഫീഡ്സിന്റെ എലൈറ്റ് ബ്രാൻഡ് കാലിത്തീറ്റ ഇറക്കിയതിന് സബ്സിഡി (@697.50/ചാക്ക്) നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ 72 ഗുണഭോക്താക്കൾക്ക് 02 ചാക്കിന് വീതമാണ് സബ്സിഡി (1,395/-രൂപ) നൽകിയിട്ടുള്ളത്. ഇതിൽ 46 ചാക്ക് എണ്ണപ്പാറ ക്ഷീര സംഘത്തിന് കമ്പനി നേരിട്ട് എത്തിക്കുകയും, ബേളൂർ, അടുക്കം എന്നീ ക്ഷീരസംഘങ്ങളിൽ ഡീലർഷിപ്പ് (ഐശ്വര്യ എന്റർപ്രൈസസ്, നീലേശ്വരം) വഴി 98 ചാക്ക് (50+48) കാലിത്തീറ്റ വിതരണം ചെയ്യുകയുമാണുണ്ടായത്. അതിനാൽ മുകളിൽ സൂചിപ്പിച്ചത് പ്രകാരമുള്ള കൈകാര്യ ചെലവ് സംഘങ്ങൾക്ക് ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. സബ്സിഡിയിനത്തിൽ വിതരണം ചെയ്ത 144 ചാക്ക് കാലിത്തീറ്റക്കും 30/- രൂപ വീതം കൈകാര്യ ചെലവ് ( 30x144 = 4320/-രൂപ) അതത് സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സബ്സിഡിയായി അനുവദിച്ച 1,00,440/- രൂപ വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്നും (BRN:23200952005501472438/24.03.2024) ചെലവഴിച്ചിട്ടുണ്ട്.

കൂടാതെ കേരമിൻ ഓർഗാനിക് മിശ്രിതത്തിന്റെ 855 പാക്കറ്റുകൾ, ക്ഷീരകർഷകർക്ക്

ധാതുലവണ മിശ്രിതം എന്ന പദ്ധതി (28/24) പ്രകാരം ക്ഷീര സംഘങ്ങളിലൂടെ വിതരണം ചെയ്തിട്ടുണ്ട്. ഈയിനത്തിൽ ലഭിക്കേണ്ട കൈകാര്യ ചെലവായ 8,550/-രൂപയും ക്ഷീരസംഘങ്ങൾക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതിക്കായി 1,28,250/-രൂപ വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്നും ( BRN:2320095200550116773 2/03.02.2024) ചെലവഴിച്ചിട്ടുണ്ട്. കൈകാര്യ ചെലവിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 കോക്ലിയർ ഇംപ്ലാന്റേഷൻ - നീക്കിയിരിപ്പ് തുകയുടെ വിനിയോഗ വിവരമില്ല.

സംസ്ഥാനത്ത് കോക്ലിയർ ഇംപ്ലാന്റേഷൻ സർജ്ജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുന്നതിന് 28.05.2022 ലെ സ.ഉ.(കൈ)നം.115/2022/തസ്വഭവ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ 09.11.2023 ലെ സർക്കുലർ പ്രകാരം പദ്ധതിയുടെ നിർവഹണം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുകയും, തുകയുടെ വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ലഭ്യമാക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2023-24 വർഷത്തിൽ കോക്ലിയർ ഇംപ്ലാന്റേഷൻ സർജ്ജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട്, ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ നിർവഹണത്തിൽ പദ്ധതി നം.178/24 പ്രകാരം, വികസന ഫണ്ടിൽ (ജനറൽ) നിന്നും രണ്ട് ഗുണഭോക്താക്കളുടെ ചികിത്സാർത്ഥം 1,00,000/- രൂപ (BRN:232009520055012198 01/14.02.2024) സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകിയിട്ടുണ്ട്. ഏജൻസി നൽകിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം, രണ്ട് കുട്ടികളുടേയും ഉപകരണങ്ങളുടെ മെയിന്റനൻസിനായി (ചെലവ് രേഖകൾ അനുസരിച്ച്) ₹. 61,183.50/- രൂപ വിനിയോഗിച്ചിട്ടുണ്ട്. 38,816.50/- രൂപ ഏജൻസിയുടെ കൈവശം അവശേഷിക്കുന്നുണ്ട്. പദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് നീക്കിയിരിപ്പ് തുക വിനിയോഗിച്ച്, വിനിയോഗ വിവരങ്ങൾ യഥാസമയം ഓഡിറ്റിനെ അറിയിക്കുന്നതിന് വിധേയമായി 38,816.50/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി - 20 /30.07.2024

## 1-36 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് / ബത്ത അനുവദിക്കുന്നത് സംബന്ധിച്ച്

സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് ഭിന്നശേഷിയുള്ളവർക്ക് അനുവദനീയമായ സ്കോളർഷിപ്പും ബത്തയും അവർ സ്ഥിരതാമസക്കാരായ തദ്ദേശസ്ഥാപനം നൽകേണ്ടതാണ് (28.05.2022 ലെ സ.ഉ.(കൈ)നം.115/2022/തസ്വഭവ ഉത്തരവ് ഖ.7.1.6 , 7.1.7). ഇതിനാവശ്യമായ തുക ഗ്രാമ – ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾക്ക് യഥാക്രമം 60:30:10 എന്ന ആനുപാതത്തിൽ വകയിരുത്തി നൽകാവുന്നതാണ് . ഈ ആനുപാതത്തിൽ തുക കണ്ടെത്തുന്നതിന് കഴിയാത്ത തദ്ദേശ സ്ഥാപനങ്ങളുടെ കാര്യത്തിൽ, കുറവ് തുക പരിഹരിക്കുന്നതിന് മറ്റ് തലങ്ങളിലെ തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാവുന്നതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ, എല്ലാ ഗുണഭോക്താക്കൾക്കും പൂർണ്ണ നിരക്കിലുള്ള ബത്ത അനുവദിക്കുവാൻ സാധിച്ചിട്ടില്ലായെന്ന് കണ്ടു.

കാസറഗോഡ് ജില്ല ഉപവിദ്യാഭ്യാസ ഡയറക്ടറുടെ 17-08-2023ലെ ഉത്തരവ് നമ്പർ DDEKGD/1792/2023-C3 പ്രകാരം, 2023-24 സാമ്പത്തിക വർഷ ത്തിൽ, പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് തുക അനുവദിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് ഹോസ്ദുർഗ്ഗ് ഉപവിദ്യാഭ്യാസ ജില്ലയിലെ 169 വിദ്യാർത്ഥികൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഈ വസ്തുത കൂടി കണക്കിലെടുത്ത്, എല്ലാ ഗുണഭോക്താക്കൾക്കും പൂർണ്ണ നിരക്കിലുള്ള ബത്ത ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 ഹരിത കർമ്മസേന പ്രവർത്തനങ്ങൾ -അവലോകനം

### ആമുഖം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് മാലിന്യ സംസ്കരണത്തിനുള്ള അധികാരവും ഉത്തരവാദിത്തവും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനാണ്. സ.ഉ(ആർ.ടി)നം.1496/2020/തസ്വഭവ, തീയതി 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി

മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്ക്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/തസ്വഭവ, തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/തസ്വഭവ, തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

കോടോം ബേളൂർ ഗ്രാമ പഞ്ചായത്തിലെ മാലിന്യ പരിപാലന മേഖലയിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് അധികൃതർ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലഘു അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**1) ഉദ്ദേശ്യ ലക്ഷ്യം.**

മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യം. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മ സേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവ ആയിരിക്കണം ഓരോ പ്രദേശത്തേയും മാലിന്യ വിമുക്തമാക്കുന്നതിനായി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം.

**2) അടിസ്ഥാന വിവരങ്ങൾ**

95.44 ച കി.മീ വിസ്തീർണ്ണമുള്ളതും 19 വാർഡുകളുള്ളതുമായ പഞ്ചായത്തിലെ ആകെ ജനസംഖ്യ 33211 ആണ്. ഇതിൽ 191 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും , 6480 പേർ പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവരും ആണ്. 2018 ൽ രൂപീകരിച്ച 40 അംഗ ഹരിതകർമ്മസേനയുടെ ആദ്യ വർഷങ്ങളിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ച് പ്രവർത്തിച്ചെങ്കിലും 2021 മുതൽ യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നും അംഗങ്ങൾക്കുള്ള പ്രതിഫല തുക നൽകുന്നുണ്ട്. അജൈവമാലിന്യം ശേഖരിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്ന് 100രൂപ നിരക്കിലും ഭവനങ്ങളിൽ നിന്നും 50 രൂപ നിരക്കിലും ഫീസായി ഈടാക്കിയാണ് ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്.

**3) ബൈലോ**

കോടോം ബേളൂർ ഗ്രാമ പഞ്ചായത്തിൽ മാലിന്യ സംസ്കരണം സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബൈലോ പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്

**4) നിലവിലെ പ്രവർത്തനങ്ങൾ**

ഓരോ വർഷവും ജനുവരി മുതൽ ഡിസംബർ വരെ ഹരിത കർമ്മസേനാംഗങ്ങൾക്ക് ഭവന സന്ദർശന ഷെഡ്യൂൾ (മാലിന്യ ശേഖരണ കലണ്ടർ) തയ്യാറാക്കിയിട്ടുള്ളതായും ആയത് പ്രകാരം മാലിന്യ ശേഖരണം നടത്തിവരുന്നതായും അധികൃതർ അറിയിക്കുകയുണ്ടായി

നിലവിൽ 70% മാലിന്യങ്ങളും സ്രോതസ്സിൽ നിന്നും തരം തിരിച്ച് ശേഖരിച്ച് വരുന്നതായി അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 2022-23ൽ 84933കി.ഗ്രാം മാലിന്യവും , 2023-24ൽ 204548കി.ഗ്രാം മാലിന്യവും ശേഖരിച്ച് MCF ൽ എത്തിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനിക്ക് പാഴ്വസ്തുക്കൾ തരം തിരിച്ച് വിൽപ്പന നടത്തിയത് വഴി 2022-23വർഷം 63,914/-രൂപയും 2023 – 24 ൽ 1,83,122/- രൂപയും ഹരിത കർമ്മസേനയ്ക്ക് വരുമാനം ലഭിച്ചു. മിക്സഡ്/ ലെഗസി മാലിന്യം കൈയ്യൊഴിയുന്നതിന് ക്ലീൻ കേരള കമ്പനിക്ക് 2022-23 വർഷം 8.89ലക്ഷം രൂപയും 2023 -24 ൽ 11.54 ലക്ഷം രൂപയും ഗ്രാമ പഞ്ചായത്ത് നല്കിയിട്ടുണ്ട്. നിലവിൽ ഒരു അംഗത്തിന് 10,000 രൂപ നിരക്കിൽ പ്രതിമാസം പ്രതിഫലം ലഭിക്കുന്നുണ്ട്. അധികൃതർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2022-23 വർഷം 13.88ലക്ഷം രൂപയും 2023-24 വർഷം 46.84ലക്ഷം രൂപയും യൂസർ ഫീ, ക്ലീൻ കേരള കമ്പനിയിൽ നിന്നുള്ള വരവ് എന്നീയിനങ്ങളിൽ ലഭിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയിനത്തിലും, മാലിന്യം തരംതിരിച്ച് ക്ലീൻ കേരളയ്ക്ക് നൽകുന്ന വകയിലും ലഭിക്കുന്നതല്ലാതെ മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നും തന്നെയില്ല.

**5) രജിസ്റ്ററുകളുടെ സൂക്ഷിപ്പും ഓഡിറ്റും**

ഹരിത കർമ്മസേന കൺസോർഷ്യത്തിന്റെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്ന ക്യാഷ് ബുക്ക് പൂർണ്ണമല്ല. 2023ജൂൺ മാസത്തിന് ശേഷം ക്യാഷ് ബുക്കിൽ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. ഹരിതകർമ്മസേനയുടെ ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടർ ക്യാഷ് ബുക്ക് പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തുന്നതിനോ വരവ് ചെലവ് കണക്കുകൾ കാലികമാക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല.

**6) തൊഴിൽ സൃഷ്ടിക്കൽ**

40 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. ഹരിത കർമ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകളും നിയന്ത്രിക്കുന്നതിനായി ഹരിത കർമ കൺസോർഷ്യം നിലവിലുണ്ട്. ഇന്ത്യൻ ഓവർസീസ് ബാങ്ക് ഒടയഞ്ചാൽ ശാഖയിൽ 8-2-2021-ൽ 110002000000661 നമ്പരായി അക്കൗണ്ട് തുടങ്ങിയിരുന്നു. ഇതിൽ 2/11/2021 വരെ ഇടപാടുകൾ തുടർന്ന ശേഷം പുതിയ അക്കൗണ്ട് ആരംഭിച്ചു . നിലവിൽ 110001000015139-ാം നമ്പർ അക്കൗണ്ട് മുഖേനയാണ് ഇടപാടുകൾ നടത്തിവരുന്നത്. യൂസർഫീ ആയി നിലവിൽ പ്രതിമാസം 4 ലക്ഷത്തോളം രൂപ ലഭിച്ച് വരുന്നുണ്ട്. ലഭിക്കുന്നതിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. അംഗങ്ങളുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കി 2023-24വർഷം രണ്ട് സ്വയം തൊഴിൽ സംരംഭ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സ്മാർട്ട് ഫോൺ ലഭ്യമല്ലാത്ത അംഗങ്ങൾക്ക് ഫോൺ വാങ്ങുന്നതിനായി കൺസോർഷ്യത്തിൽ നിന്നും വായ്പ അനുവദിച്ചിട്ടുണ്ട്.

**7) സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം**

സ്മാർട്ട് ഗാർബേജ് പ്രോജക്ട് പ്രകാരം കെട്ടിടങ്ങളിൽ QRകോഡ് പതിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിൽ കെട്ടിടനികുതി ഡിമാന്റിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം, സ്മാർട്ട് ഗാർബേജ് പ്രൊജക്ട് പ്രകാരം ആകെ QRകോഡ് പതിച്ച കെട്ടിടങ്ങളുടെ എണ്ണം, QRകോഡ് പതിച്ച കെട്ടിടങ്ങളിൽ സബ്സ്ക്രിപ്ഷൻ എടുത്ത കെട്ടിടങ്ങളുടെ എണ്ണം, നിലവിൽ പ്രതിമാസം ഫീസ് നല്കി മാലിന്യം കൈമാറുന്ന കെട്ടിടങ്ങളുടെ കണക്കുകൾ എന്നിവ സംബന്ധിച്ച് അധികൃതർ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ കെട്ടിടങ്ങൾ | | | | |
|---|---|---|---|---|
| നിലവിലെ ഡിമാന്റ് പ്രകാരം | QRകോഡ് പതിച്ചവ | സബ്സ്ക്രൈബ് ചെയ്തവ | നിലവിൽ പിരിക്കുന്നവ | |
| | | | വീടുകൾ | മറ്റ് കെട്ടിടങ്ങൾ |
| 10795 | 10795 | 9835 | 8265 | 720 |

QRകോഡ് പതിച്ച കെട്ടിടങ്ങൾ മുഴുവൻ സബ്സ്ക്രൈബ് ചെയ്യാപ്പെടാത്തതും സബ്സ്ക്രൈബ് ചെയ്തവയിൽ നിന്നും പൂർണ്ണമായും പ്രതിമാസം ഫീസ് ലഭിക്കാത്തതുമായ അവസ്ഥ നിലനിൽക്കുന്നു.

**8) അടിസ്ഥാന സൗകര്യങ്ങൾ**

**എ)** ഗ്രാമ പഞ്ചായത്തിലെ കാലിച്ചാനടുക്കം പൊതു ശ്മശാനത്തിന് സമീപമാണ് എം.സി.എഫ് സ്ഥാപിച്ചിട്ടുള്ളത്. ഇതിലേക്കാവശ്യമായ ഫർണിച്ചറുകൾ, സെഗ്രഗേഷൻ ടേബിളുകൾ എന്നിവ ഗ്രാമ പഞ്ചായത്ത് നല്കിയിട്ടുണ്ടെങ്കിലും വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാത്താതിനാൽ എം.സി.എഫ് സൗകര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 45മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. പരപ്പ ബ്ലോക്ക് പഞ്ചായത്ത് പോർക്കളം മിനി വ്യവസായ പാർക്കിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫും അജൈവ മാലിന്യം ശേഖരിക്കുന്നതിനായി ഉപയോഗിക്കുന്നു. എന്നാൽ ഇതിനോടനുബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 19.74ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ചിട്ടുള്ള RRFകെട്ടിടം വൈദ്യുതീകരണ പ്രവത്തനങ്ങൾ പൂർത്തീയാകാത്തിനാൽ പ്രവർത്തന സജ്ജമായിട്ടില്ല.

**ബി) 5.75ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ ബെയിലിംഗ് മെഷീൻ നാളിതുവരെ എം.സി.എഫിൽ സ്ഥാപിച്ചിട്ടില്ല**

എം.സി.എഫിൽ സ്ഥാപിക്കുന്നതിനായി 2023-24വർഷം 5.75ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ ബെയിലിംഗ് മെഷീൻ ഒരു വർഷത്തോളമായിട്ടും എം.സി.എഫിൽ സ്ഥാപിക്കാതെ പഞ്ചായത്ത് ഓഫീസിന് സമീപം തുരുമ്പെടുത്ത് നശിച്ച് കൊണ്ടിരിക്കുകയാണ്. എം.സി.എഫിൽ ത്രീ ഫേസ് വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നതായി

അധികൃതർ അറിയിക്കുകയുണ്ടായി.

**സി) മാലിന്യ നീക്കത്തിനായി വാങ്ങിയ വാഹനം ഉപയോഗപ്പെടുത്തുന്നില്ല.**

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 4.27ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ ഇലക്ട്രിക് ഓട്ടോറിക്ഷയ്ക്ക് മേൽ മൂടി നിർമ്മിക്കുന്നതിന് 2023-24വർഷം 44,950/-രൂപ വിനിയോഗിച്ചിട്ടുണ്ട്. വാഹനം കൈകാര്യം ചെയ്യുന്നതിനായി 01/01/2024മുതൽ ഡ്രൈവറെ നിയമിക്കുകയുമുണ്ടായി. എന്നാൽ പ്രസ്തുത വാഹനം മാലിന്യ നീക്കത്തിന് കാര്യമായി ഉപയോഗിച്ചിട്ടില്ല. വാഹനം വാങ്ങിയ ശേഷവും മാലിന്യ നീക്കത്തിനായി വാഹന വാടകയിനത്തിൽ 2023-24വർഷം 7.11 ലക്ഷം രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

**9) മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികൾ**

ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി 2022-23 വർഷം 1,83,749/- രൂപ ചെലവിൽ യൂണിഫോം , ബാഗ് , അനുബന്ധ സാമഗ്രികൾ എന്നിവ നല്കിയിട്ടുണ്ട്. 2023-24 വർഷം പ്രോജക്ട് നം. 34/24 പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾക്കുള്ള സഹായ ഉപകരണങ്ങൾക്കായി 44,421/-രൂപയും ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | പ്രോജക്ട് നമ്പർ , പേര് | ചെലവ് തുക |
|---|---|---|---|
| 1 | 2021-22 | 361/22, ഹരിത കർമ്മസേന അനുബന്ധ പ്രവർത്തനങ്ങൾ | 90,887/- |
| 2 | 2021-22 | 375/22, സ്മാർട്ട് ഗ്രാബേജ് മോണിട്ടറിംഗ് സിസ്റ്റം | 1,42,900/- |
| 3 | 2021-22 | 363/22, ബയോ കമ്പോസ്റ്റർ ബിൻ | 3,59,968/- |
| 4 | 2022-23 | 45/23, IEC വിവര വിജ്ഞാന വ്യാപന പ്രവർത്തനം | 1,47,200/- |
| 5 | 2022-23 | 41/23, MCF ഫർണീച്ചർ വാങ്ങൽ | 1,47,724/- |
| 6 | 2022-23 | 27/23, ഹരിത കർമ്മസേന - യൂണിഫോം, ബാഗ് അനുബന്ധ സൗകര്യങ്ങൾ | 1,83,749/- |
| 7 | 2022-23 | 28/23, ബയോ കമ്പോസ്റ്റർ ബിൻ | 3,41,715/- |
| 8 | 2022-23 | 130/23, ക്ലീൻ കേരള കമ്പനിക്ക് തുക നല്കൽ | 5,79,000/- |
| 9 | 2022-23 | 284/23, ക്ലീൻ കേരള കമ്പനിക്ക് തുക നല്കൽ | 3,10,012/- |
| 10 | 2022-23 | 138/23, ഹരിത കർമ്മസേനയ്ക്ക് വാഹനം | 4,27,953/- |
| 11 | 2022-23 | 40/23, സ്മാർട്ട് ഗ്രാബേജ് മോണിട്ടറിംഗ് സിസ്റ്റം | 17,076/- |
| 12 | 2022-23 | 177/23, ഹരിത കർമ്മസേനയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | 3,50,000/- |
| 13 | 2023-24 | 135/24, ജി ബിൻ മൾട്ടിലെയർ കമ്പോസ്റ്റിംഗ് സിസ്റ്റം | 5,43,218/- |
| 14 | 2023-24 | 219/24, ഹരിത കർമ്മസേന വാഹനം മെയിന്ററനൻസ് | 44,950/- |
| 15 | 2023-24 | 305/24, ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ | 11,54,100/- |
| 16 | 2023-24 | 221/24, MCFലേയ്ക്ക് ബെയിലിംഗ് മെഷീനും , ഫർണിച്ചറും | 5,75,000/- |
| 17 | 2023-24 | 329/24, ഹരിത കർമ്മസേനയ്ക്ക് Q Rകോഡ് പതിച്ചതിന്റെ പ്രതിഫലം | 1,58,250/- |
| 18 | 2023-24 | 330/24, IEC ബോർഡ് സ്ഥാപിക്കൽ | 82,000/- |
| 19 | 2023-24 | 342/24, ഘടക സ്ഥാപനങ്ങളിലും സ്കൂളുകളിലും മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തൽ | 1,30,000/- |
| 20 | 2023-24 | 109/24, ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ | 3,28,500/- |
| 21 | 2023-24 | 34/24, ഹരിത കർമ്മസേനയ്ക്ക് സഹായ ഉപകരണങ്ങൾ | 44,421/- |

**10) പരിശീലനവും വികസനവും**

ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നീ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് സ്മാർട്ട് ഗാബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് കെൽട്രോണും, മാലിന്യം തരംതിരിക്കൽ സംബന്ധിച്ച് ക്ലീൻ കേരള കമ്പനിയും പരിശീലനം നൽകിയിട്ടുണ്ട്. മാലിന്യം തരം തിരിക്കുന്ന വേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, മാസ്ക്, ബൂട്ട് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിട്ടുണ്ട്.

**<u>11) നിയമങ്ങൾ പാലിക്കൽ</u>**

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അധികൃതർ അറിയിച്ചിട്ടുണ്ട്. നിയമലംഘനവുമായി ബന്ധപ്പെട്ട് 2023-24വർഷം ലഭിച്ച 40 പരാതികൾ പരിശോധിച്ച് 1,25,000/-രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുള്ളതായി അധികൃതർ അറിയിക്കുകയുണ്ടായി.

**<u>12) മാലിന്യം ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നത് സംബന്ധിച്ച്</u>**

ശേഖരിക്കുന്ന മാലിന്യം ഒരാഴ്ചക്കാലയളവ് മാത്രമാണ് MCFൽ സൂക്ഷിക്കുന്നതെന്ന് അധികൃതർ സൂചിപ്പിച്ചിട്ടുള്ളതെങ്കിലും സ്ഥല പരിശോധനയിൽ പോർക്കളം എം.സി.എഫ്, കാലിച്ചാനടുക്കം എം.സി.എഫ് എന്നിവടങ്ങളിൽ വിവിധ മിനി എം.സി.എഫുകളിൽ നിന്നും കൊണ്ടുവന്ന പ്ലാസ്റ്റിക് മാലിന്യം സൂക്ഷിച്ചിട്ടുള്ളതായി കാണുകയുണ്ടായി. സർക്കുലർ നം. ഡി.സി.1/282/20/ തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എം.സി.എഫുകളിൽ സൂക്ഷിച്ചിട്ടുള്ള മാലിന്യം കാലതാമസം കൂടാതെ തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഇതുമൂലം നിരവധികുടുംബങ്ങൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിലെങ്കിലും ഒരു സാമ്പത്തിക നേട്ടം ഉണ്ടാക്കാനായിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരുപരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളു. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കാൻ ഹരിതകർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**ഹരിതകർമസേനാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശുപാർശകൾ**

.ഗ്രാമ പഞ്ചായത്ത് കാലിച്ചാനടുക്കം എന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള എം.സി.എഫും, പോർക്കളം എന്ന സ്ഥലത്ത് പരപ്പ ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള RRFഉം വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിനാൽ പ്രവർത്തനക്ഷമമായിട്ടില്ല. കാലിച്ചാനടുക്കം എം.സി.എഫിൽ സ്ഥാപിക്കുന്നതിനായി വാങ്ങിയ ബെയിലിംഗ് മെഷീനും മേൽക്കാരണത്താൽ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച് എം.സി.എഫ്, ആർ.ആർ.എഫ് എന്നിവ പ്രവർത്തനക്ഷമമാക്കുവാനും ബെയിലിംഗ് മെഷീൻ സ്ഥാപിക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

.മാലിന്യ നീക്കത്തിനായി വാങ്ങിയ വാഹനം പ്രസ്തുത ആവശ്യത്തിന് പരമാവധി പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള മുഴുവൻ രജിസ്റ്ററുകളും കാലികമാക്കി സൂക്ഷിക്കുന്നതിനും യഥാസമയം പരിശോധന നടത്തി വരവ് ചെലവ് കണക്കുകളുടെ കൃത്യത ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തുന്നതിനും, സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം കുടുംബശ്രീ ഓഡിറ്റ് വിഭാഗത്തെ നിയോഗിച്ച് വാർഷിക ഓഡിറ്റ് നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

.സ്മാർട്ട് ഗാർബേജ് പദ്ധതിക്കായി ഗണ്യമായ തുകകൾ ചെവഴിച്ച് ക്യു.ആർ കോഡ് പതിക്കുകയും പരിശീലനങ്ങൾ നടത്തുകയും ചെയ്തെങ്കിലും അത് ഫലപ്രാപ്തിയിലെത്തിയിട്ടില്ല. യൂസർഫീ കളക്ഷൻ , മാലിന്യക്കൈമാറ്റ പ്രക്രിയകൾ

ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനാവിഷ്ക്കരിച്ച പദ്ധതി പ്രവൃത്തിപഥത്തിലെത്തിക്കാൻ അടിയന്തിര ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

.ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുകകളുടെ റീസൈക്ലിംഗിനും മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.

.പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക- വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.

.പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

.ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.

.വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

.ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.

.അതിദരിദ്രർ, അഗതി, ആശ്രയ പദ്ധതിയിൽ പെട്ടവർ, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളുടെ വീടുകളിൽ നിന്നും മാലിന്യം പ്രതിമാസം ശേഖരിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഫീസ് സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്താണ് നൽകേണ്ടത്. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.പ്രതിമാസ ഫീസ് മാത്രമാണ് നിലവിൽ പിരിക്കുന്നത്. കലണ്ടറനുസരിച്ച് ശേഖരിക്കുന്ന റിജക്റ്റ് മാലിന്യത്തിന്റെ നിരക്ക് നിശ്ചയിക്കേണ്ടതാണ്.

.അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹകരിക്കുന്നവർക്കും യൂസർ ഫീ നൽകാത്ത വീടുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നോട്ടീസ് നൽകി പിഴ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

.മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

.ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.

.ഹരിതകർമസേനാംഗങ്ങൾ ശേഖരിച്ച്, തരം തിരിച്ച്, എം.സി.എഫുകളിൽ സൂക്ഷിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ സമയബന്ധിതമായും കൃത്യമായ ഇടവേളകളിലും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം ഏറ്റെടുക്കുകയും കരാർ വ്യവസ്ഥ പ്രകാരം തുക നൽകുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

